KSFDC

# ഫിലിം വിഷൻ

DIGITAL MAGAZINE PUBLISHED BY FILCA FILM SOCIETY

കേരള ഭാഗ്യക്കുറി

filca

PH:8089036090

website:www.filca .in

email :filcakerala@gmail.com

വോള്യം -8 | ലക്കം -141 | ആഗസ്റ്റ് 2025 | മലയാളം - ഇംഗ്ലീഷ്

**Filca film society in association with CineX, St. Xavier's College, Thumba., Higher Education Dept., Lottery Dept., Tourism Dept., Beam Film Society, Chalachithra Academy, and other organisations.**

## വിശ്വസാഹിത്യവും സിനിമയും - ഭാഗം 3




**09:30 AM**

**ANNA KARENINA**
LEO TOLSTOY
Dir: Joe Wright

**1:15 PM**

**LES MISERABLES**
VICTOR HUGO
Dir: Bille August.



**Vijaya Krishnan**
(Film Critic &Writer )



**Prof. Dr. Thomas Scaria**
( Principal, St.Xavier's College)



**Melissa Hilary**
(HoD , Dept. of English & Media studies)



**Dr. Gifty Elza Varghese**
( Convener, CineX Film Club)

**21 Thursday August 2025**

FILCA 25th year

**Xavier Outreach Service Hall, St. Xavier's College, Thumba.**

All are welcome ◆ Admission to people who are above 18 years old ◆ Free entry


കേരള സർക്കാർ
കേരള സംസ്ഥാന ഭാഗ്യക്കുറി
തിരുവോണം ബമ്പർ
ഭാഗ്യക്കുറി 2025 | THIRUVONAM BUMPER LOTTERY 2025
ഒന്നാം സമ്മാനം
₹25 കോടി
COMMON TO ALL SERIES
ടിക്കറ്റ് വില ₹500
രണ്ടാം സമ്മാനം
₹1കോടി
വീതം 20 പേർക്ക്
COMMON TO ALL SERIES
മൂന്നാം സമ്മാനം
₹50 ലക്ഷം
വീതം 20 പേർക്ക്
ഓരോ പരമ്പരയിലും 2 സമ്മാനം
നാലാം സമ്മാനം
₹5 ലക്ഷം
വീതം 10 പരമ്പരകൾക്ക്
അഞ്ചാം സമ്മാനം
₹2 ലക്ഷം
വീതം 10 പരമ്പരകൾക്ക്
കൂടാതെ 5000, 2000, 1000, 500 രൂപയുടെ നിരവധി സമ്മാനങ്ങൾ
DATE OF DRAW: 27-09-2025, 2pm
For draw results: www.statelottery.kerala.gov.in



KFC Kerala Financial Corporation
we finance your dream
FUNDING YOUR DREAMS
Kerala Financial Corporation Offers a diverse range of loan schemes, including CMEDP (Chief Minister's Entrepreneurship Development Programme), KFC Startup Kerala, Term loans, Working capital loans, and specialized schemes for sectors like Tourism, Agriculture, and Manufacturing.
Attractive interest rates starting from 5% facilitated by government subsidies and KFC rebates.
Offers collateral-free loans of up to 2 crores for eligible startups
Kerala Financial Corporation
Partnering with Kerala for Progress
APPLY NOW
Your business journey starts here
0471 2737500
www.kfc.org

August Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature and World Cinema FilmFestival Part-III





# FILM VISION DIGITAL FILM MAGAZINE

## WHATS INSIDE AUGUST 2025


INDEX

1. Censorship and creative freedom in cinema
ഡോ. ബി.രാധാകൃഷ്ണൻ (പ്രസിഡന്റ്,ഫിൽക്ക) 12


2. വിക്ടർ ഹ്യൂഗോയുടെ ജീവിതപാത -സാബു ശങ്കർ (ഫിൽക്ക) 16


3. പാവങ്ങൾ ( Les Miserables ): വിക്ടർ ഹ്യൂഗോ
-ഷീബ.എസ്.ജെയിംസ് (ഫിൽക്ക) 21


4. Les Miserables:സംവിധായകൻ ബില്ലി ഓഗസ്റ്റ്
– ഗിരിജ സുരേന്ദ്രൻ ( ഫിൽക്ക) 25


5. ജീൻ വാൽജീൻ (കവിത) – പുഷ്പ അനിൽ ( ഫിൽക്ക) 27


6. ടോൾസ്റ്റോയിയുടെ സാഹിത്യലോകം– ഡോ. പി. അജി കുമാർ. ( ഫിൽക്ക) 29


7. അന്ന കരേനിന : സ്ത്രീയുടെ അസ്തിത്വ ചിന്തയുടെ പ്രതിരൂപം–
വിനോദ്കുമാർ പി. ( ഫിൽക്ക) 34


8. അന്ന കരേനിന: ജോ റൈറ്റ് എന്ന സംവിധായകൻ–
പി.എസ് ജ്യോതിഷ്കുമാർ ( ഫിൽക്ക) 38


9. അന്ന കരേനിന: ജീവിക്കുന്ന രക്തസാക്ഷി
(കവിത) - രാജാംബിക എസ്.എസ് (ഫിൽക്ക) 42


10. വിശ്വ സാഹിത്യകൃതികളെ അവലംബിച്ച് നിർമ്മിക്കപ്പെട്ട ചലച്ചിത്രങ്ങളുടെ മേള
(രണ്ടാം ഭാഗം ) /പ്രതികരണം –ജോൺ തോമസ് (ഫിൽക്ക) 44


Website:www.filca.in Email:filcakerala@gmail.com

August Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature and World Cinema FilmFestival Part-III







www.ksfe.com
കെ എസ് എഫ് ഇ
ഗോൾഡ് ലോൺ
ഇനി ആവശ്യങ്ങൾക്ക്
അവധികൊടുക്കേണ്ടതില്ല...
കുറഞ്ഞ പലിശ | കൂടുതൽ തുക | എത്രയും പെട്ടെന്ന്
KSFE
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
Ph: 0487-2332255. Toll Free Helpline: 18004253455, mail: mail@ksfe.com

# FILM VISION

PROGRAM INAUGURATION:

Xavier Outreach Service Hall
St. Xavier's College,
Thumba.

**21st, THURSDAY, AUGUST 2025**

**Filca Film Society in association with CineX , St. Xavier's College, Thumba, Higher Education Dept. , Lottery Dept., Tourism Dept., Beam FS, Chalachithra Academy , and other organisations.**

## WORLD LITERATURE AND WORLD CINEMA FILM FESTIVAL-III

**AUGUST FILM FESTIVAL**

## CineX Film Club Inauguration

F i l c a


**11:40 AM**

Venue : Xavier's Reachout Service Hall
St. Xavier's College, Thumba,
Trivandrum

Welcome : **Dr. B. RADHAKRISHNAN**
( President , Filca Film Society & Former Principal, Pariyaram Medical College )



Presided over : **Prof. Dr. THOMAS SCARIA**
( Principal, St.Xavier's College,Thumba )




Film Club - CineX Inauguration : **VIJAYA KRISHNAN**
(Film Critic and Writer ) .



Introduction to the Novels and Cinema: : **SABU SANKAR**
( Novelist , Film Author, & Director)



Felicitation : **MELISSA HILARY**
(HoD , Dept. of English and Media studies)



Gratitude : **Dr. GIFTY ELZA VARGHESE**
( Convenor, CineX Film Club)



free entry (admisson to people are above 18 years old) all are welcomed

കേരള ഭാഗ്യക്കുറി

KSFDC

filca

# WORLD LITERATURE AND CINEMA FILM FESTIVAL

**Filca Film Society in association with CineX , St. Xavier's College , Thumba , Higher Education Dept., Lottery Dept., Tourism Dept., Beam FS, Chalachithra Academy , and other organisations.**

| 21 THURSDAY, August , 2025. | SCREENING SCHEDULE | Xavier Outreach Service Hall , St. Xavier's College, Thumba . |
|---|---|---|

## FILCA FILM SOCIETY

FILM FEST PART -III




9:30 AM
**ANNA KARENINA**
( NOVEL - 1878)
**LEO TOLSTOY**
2012 /130 MINS / UK - USA.
DIR: JOE WRIGHT





JOE WRIGHT



01:15 PM
**LES MISERABLES**
(NOVEL - 1862)
**VICTOR HUGO**
1998 /134 MINS / UK - GERMANY - USA.
DIR: BILLE AUGUST.





BILLE AUGUST

website:www.filca .in

email :filcakerala@gmail.com



Innovating for Healthy Generations
HLL has traversed a long path, over the past five decades. From a modest condom manufacturer, HLL has emerged as one of India's foremost providers of quality & affordable healthcare products and services. From innovative Contraceptives to Hospital products, Diagnostic services to Retail Pharmacy, creating new-age Infrastructure to Social development initiatives, we are doing all it takes to keep the generations healthy.
HLL Lifecare Limited
(A Government of India Enterprise)
www.lifecarehll.com
Contraceptives | Hospital Products | Nutraceuticals | Personal Care Products | Diagnostic Services | Retail Pharmacy | Projects & Services


KPharma
Your Family Health Store
Your Prescription
Delivered Anytime,
Anywhere
Kuravankonam - +91 9995811166
Attingal - +91 8129484422
Pothencode - +91 9074558869
Manacaud - +91 8136988890
Vattiyoorkavu - +91 8714692315
Ayoor - +91 7593001351




വിശ്വസാഹിത്യവും
വിശ്വസിനിമയും
ഫിലിം ഫെസ്റ്റിവൽ പരമ്പര
ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ, ജനുവരി, ഫെബ്രുവരി, മാർച്ച്
ഫിൽക്ക ഫിലിം സൊസൈറ്റി 25-ാം വാർഷികം
25 സിനിമകൾ
21 August 2025 Thursday
Cine X Film Club St. Xavier's College, Thumba
August Film Festival/ World Literature and World Cinema - Part 3
09:30 AM
ANNA KARENINA
Directed by Joe Wright
01:15 PM
LES MISERABLES
Directed by Bille August
Vijayakrishnan
Film Critic
Prof. Dr. Thomas Scaria
Principal
Melissa Hilary
HoD, Dept. of English & Media studies
Dr. Gifty Elsa Varghese
Convener
Cine X Film Club
Film Fest Part -2 July
THRONE OF BLOOD
BROTHERS KARAMAZOV
Directed by Richard Brooks
DON QUIXOT
Film Fest Part -1 June
LOVE IN THE TIME OF CHOLERA
Gabriel Garcia Marquez/ USA/
2007/139 Mins
Dir : Mike Newell
HAMLET
William Shakespeare/
USSR / 1964 / 140 Min.
Dir : Gregory Kozintsev
State Central & Public Library Auditorium
FILCA FILM SOCIETY in association with Cine X, St. Xavier's College,
Higher Education Dept., Lottery Dept., Tourism Dept., Beam FS,
Chalachithra Academy & Other organizations.
filcakerala@gmail.com
80 890 360 90
www.filca.in

# Censorship and creative freedom in Cinema



**Dr. B. Radhakrishnan**
(President, Filca Fim Society
& Former Principal , Pariyaram
Medical College **)**

Film censorship criteria vary significantly across the globe, reflecting the diverse cultural, social, and political contexts. Films that challenge political ideologies, depict sensitive historical events, or promote dissent are often censored or banned by governments. Countries like China and North Korea strictly control content to maintain social harmony and ideological conformity. Nudity, explicit sex scenes, and LGBTQ+ themes are frequently subject to censorship in several countries. For instance, films like Blue is the Warmest Colour (France) faced censorship in multiple jurisdictions due to its explicit content.





Graphic violence, killing and disturbing imagery can lead to censorship or age restrictions. Films with excessive violence may be banned or edited to comply with local standards.

Content that offends religious beliefs or cultural norms can also be censored. Films like The Last Temptation of Christ sparked controversy and censorship debates due to its portrayal of religious figures. Governments may also censor films that promote behaviour deemed immoral or contrary to societal values.

Countries like the United States and the UK have more permissive censorship laws, emphasising freedom of artistic expression. However, films can still face censorship or age restrictions based on the content. Some Middle Eastern countries have stricter regulations regarding depictions of religion and morality.

Film censorship in the USSR and Eastern European countries during the Sovietera was a pervasive tool used to control narratives and promote socialist ideals. Censorship manifested through various means, including outright banning, editing




of content, and changes in the script, often dictated by the state and its interpretation of socialist realism. This censorship aimed to eliminate any content deemed critical of the communist regime or its ideology, while simultaneously promoting positive portrayals of socialism and the Soviet Union. The censorship reached its peak under Stalin, who personally reviewed and demanded changes to films, effectively acting as a co-author. While some level of artistic freedom was granted after Stalin's death, censorship still remained prevalent, with films subject to potential removal, editing, or shelving if deemed politically offensive.

Directors like Sergei Eisenstein and Andrei Tarkovsky faced censorship, with Eisenstein publicly criticised and Tarkovsky's films encountering constant rejection and restrictions.


Eastern Bloc countries largely adopted the Soviet model, employing film censorship to propagate communist ideology and control public opinion. In some cases, media practitioners engaged in self-censorship, anticipating and catering to the demands of the communist authorities.

Films critical of the communist regime were often banned or heavily edited, while those that promoted socialist ideals were favoured. Since 1989, the fall of the Berlin Wall and the collapse of communist regimes in Eastern Europe have led to a loosening of censorship and a greater openness in film-making.

Censorship can limit artistic expression and creative freedom and force filmmakers to self-censor or edit content to comply with local regulations. Filmmakers must navigate diverse censorship laws and cultural sensitivities to reach international audiences.

Often, the censorship laws can lead to legal disputes, with film makers contesting restrictions on freedom of expression.

The censorship of cinema in India is governed by the Cinematograph Act of 1952, which established the Central Board of Film Certification (CBFC) to regulate film content. The CBFC examines films and grants certificates based on their suitability for different age groups. The Act also addresses issues like unauthorised recording and exhibition of films, with provisions for penalties like imprisonment and fines.





The CBFC's decisions are often influenced by political considerations, with films that critique the government or challenge social norms facing censorship or cuts. The CBFC has been criticised for its conservative approach to film content, with films that depict nudity, sex, or violence facing stricter scrutiny. Filmmakers often face unofficial pressure from government officials, industry figures, or social groups, which can lead to self-censorship.

Examples of such censorship are Annapoorani, a Tamil film that was withdrawn from streaming platforms after facing backlash from Hindu nationalist groups, Punjab '95, a film based on the life of human rights activist Jaswant Singh Khalra, that faced over 100 cuts demanded by the CBFC, and The Great Indian Kitchen, a Malayalam film that faced unofficial censorship, with streaming platforms refusing to feature it despite its critical acclaim.

The Cinematograph (Amendment) Bill, 2023, proposes several changes, including adding new certificate categories based on age, requiring separate certificates for different media (TV and digital platforms), and imposing stricter penalties for unauthorised recording and exhibition.

Types of Certificates are U (Universal), Suitable for all ages, U/A (Parental Guidance), Suitable for all ages, but parental guidance is recommended for children under 12. A (Adults Only) Suitable for adults only. S (Specialist) Suitable for specialised audiences.




The 5 B. Principles of guidance in certifying films (1) is: A film shall not be certified for public exhibition if, in the opinion of the authority competent to grant the certificate, the film or any part of it is against the interests of [the sovereignty and integrity of India] the security of the State, friendly relations with foreign States, public order, decency or morality, or involves defamation or contempt of court or is likely to incite the commission of any offence. Subject to the provisions contained in sub-section (1), the Central Government may issue such directions as it may think fit, setting out the principles which shall guide the authority competent to grant certificates under this Act in sanctioning films for public exhibition.

The 7E. Members of the Board and advisory panels are to be public servants. All members of the Board and any advisory panel shall, when acting or purporting to act in pursuance of any of the provisions of this Act, be deemed to be public servants within the meaning of section 21 of the Indian Penal Code (45 of 1860).

The filmmakers often self-censor to avoid controversy and ensure their films are released without issues. Nevertheless, censorship can limit filmmakers' creative freedom, forcing them to compromise on their artistic vision. So, a review based on aesthetics and transparent guidelines for film certification can help reduce arbitrariness and ensure consistency in CBFC's decisions.

Re-establishing an independent appellate tribunal, like the Film Certification Appellate Tribunal (FCAT), can provide filmmakers with a fair and efficient platform to challenge CBFC's decisions. As the CBFC members are often political party representatives, there is a likelihood of bias. And as they are not directly involved with the global film scenario, it may also be probable that they are not aware of the progressive evolution of world cinema or the changing dimensions of world art.




August Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
16
World Literature and World Cinema FilmFestival Part-III

# വിക്ടർ ഹ്യൂഗോയുടെ ജീവിതപാത



**സാബു ശങ്കർ**
(ജനറൽ സെക്രട്ടറി, ഫിൽക്ക)



കവി, നോവലിസ്റ്റ്, ഉപന്യാസകാരൻ , നാടകകൃത്ത് എന്നീ നിലകളിൽ വിജയിച്ച എഴുത്തുകാർ ചുരുക്കമാണ്. വികൂർ ഹ്യൂഗോ ഇതെല്ലാം ചെയ്തു - ഫ്രഞ്ച് സർക്കാരിൽ സേവനമനുഷ്ഠിച്ചു കൊണ്ട് .

1802- ൽ ഫ്രാൻസിലെ ബെസാൻ കോണിലാണ് ഹ്യൂഗോ ജനിച്ചത്. 1789-ലെ വിപ്ലവത്തിൽ പട്ടാളക്കാരനായിരുന്ന അദ്ദേഹത്തിന്റെ പിതാവ് ലിയോപോൾഡ്, നെപ്പോളിയന്റെ സഹോദരൻ ജോസഫ് ബോണപാർട്ടിന്റെ സൈന്യത്തിൽ ജനറൽ പദവി നേടി. തന്റെ മൂന്ന് ആൺമക്കളെ (വികൂർ ഇളയവനായിരുന്നു) എഴുത്ത് ജീവിതം തുടരാൻ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഉത്തരവാദിത്തം അദ്ദേഹത്തിന്റെ അമ്മ സോഫിക്കായി രുന്നു.സോഫിയുടെയും ലിയോപോൾഡിന്റെയും വിവാഹം പ്രശ്നത്തിലായപ്പോൾ 1814- ൽ അവർ നിയമപരമായി വേർപിരിഞ്ഞു. പിതാവ് ലിയോപോൾഡിന് സംരക്ഷണം ലഭിച്ചു. പക്ഷേ ആൺകുട്ടികൾ പിന്നീട് മാതാവ് സോഫിയോടൊപ്പം താമസിക്കാൻ തീരുമാനിച്ചു .

കഠിനാധ്വാനിയായ ഹ്യൂഗോ അഞ്ച് വയസ്സുള്ളപ്പോൾ തന്നെ വായിക്കാനും എഴുതാനും തുടങ്ങി . പതിനെട്ട് വയസ്സായ പ്പോഴേക്കും അദ്ദേഹത്തിന്റെ കവിതകൾ ദേശീയ ശ്രദ്ധ ആകർഷിച്ചു. 1815- ൽ നെപ്പോളിയന്റെ അവസാന പരാജയത്തി നുശേഷം, ഫ്രാൻസ് മുൻ രാജവാഴ്ച പുനഃസ്ഥാപിച്ചു. വികൂറിന്റെ ചില കവിത കൾക്ക് , സോഫിയുടെ സ്വാധീനത്താൽ ശക്തമായ രാജകീയ പ്രവണത ഉണ്ടായി രുന്നു . ഇത് ലൂയി പതിനെട്ടാമനെ സന്തോ ഷിപ്പിച്ചു.



വിക്ടർ ഹ്യൂഗോ

August Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature and World Cinema FilmFestival Part-III





വിക്ടർ ഹൂഗ്യോ സുഹൃത്തുകളും കുടുംബത്തോടുമൊപ്പം


1821-ൽ സോഫി മരിച്ചപ്പോൾ വിക്ടർ ഹ്യൂഗോ , പിതാവ് ലിയോപോൾഡുമായി അടുത്തു. നെപ്പോളിയനോടുള്ള പിതാവിന്റെ ആരാധന ക്രമേണ സ്വാംശീകരിച്ചു. എന്നാൽ രാജകുടുംബവുമായുള്ള ബന്ധം വളർത്തിയെടുക്കുന്നതിൽ നിന്ന് ഹ്യൂഗോയെ ഇത് തടഞ്ഞില്ല. ഇരുപതാം വയസ്സിൽ പ്രസിദ്ധീകരിച്ച അദ്ദേഹത്തിന്റെ ആദ്യ കവിതാസമാഹാരം നന്നായി വിൽക്കപ്പെട്ടു . അദ്ദേഹത്തിന് രാജകീയ പെൻഷൻ ലഭിച്ചു. ലൂയിസിന്റെ പിൻഗാമിയായ ചാൾസ് എക്സ്, ഹ്യൂഗോയെ ലെജിയൻ ഓഫ് ഓണറിൽ അംഗമാക്കി.

വരുമാനമുള്ളതിനാൽ, വർഷങ്ങളായി താൻ സ്നേഹിച്ചിരുന്ന പെൺകുട്ടിയായ അഡെൽ ഫൗച്ചറെ വിവാഹം കഴിക്കാൻ ഹ്യൂഗോയ്ക്ക് കഴിഞ്ഞു. അവർ അഗാധമായി പ്രണയത്തിലായിരുന്നെങ്കിലും, ഒരു വിടവിനുള്ള സാധ്യത തുടക്കം മുതൽ തന്നെ ഉണ്ടായിരുന്നു. കവിത തനിക്ക് മനസ്സിലാകുന്നില്ലെന്ന് അഡെൽ സമ്മതിച്ചു . ഭർത്താവിന്റെ പ്രശസ്തിയുടെ നേട്ടങ്ങൾ അഡെൽ ആസ്വദിക്കാൻ തുടങ്ങിയെങ്കിലും അദ്ദേഹത്തിന്റെ രചനകൾ ഒരിക്കലും അവൾക്ക് വലിയ താൽപ്പര്യമുണ്ടാക്കിയില്ല. അവർ മാനസികമായി അകന്നു .

1822 നും 1840 നും ഇടയിൽ ഹ്യൂഗോ ഒൻപത് കവിതാസമാഹാരങ്ങൾ പ്രസിദ്ധീകരിച്ചു. ഇത് ഹ്യൂഗോയെ ആ കാലഘട്ടത്തിലെ ഏറ്റവും മികച്ച കവികളിൽ ഒരാളാക്കി. മൂന്ന് നോവലുകൾ രചിച്ചു. അതിൽ ഏറ്റവും വിജയകരമായത് നോഡ്രേ - ഡാം ഡി പാരീസ് (ദി ഹഞ്ച്ബാക്ക് ഓഫ് നോഡ്രേ-ഡാം / നോത്രദാമിലെ കൂനൻ) ആണ്. കൂടാതെ നിരവധി വിജയകരമായ നാടകങ്ങളും എഴുതി .

ഇംഗ്ലണ്ടിന്റെ സിംഹാസനത്തിൽ നിന്ന് രാജാക്കന്മാരെ പുറത്താക്കിയ ഒരു നേതാവിന്റെ ചിത്രീകരണം സെൻസർമാർ അനുവദിക്കില്ലെന്ന് മനസ്സിലാക്കിയ അദ്ദേഹം തന്റെ ആദ്യ നാടകമായ ക്രോംവെല്ലിന് പ്രാധാന്യം കൊടുത്തില്ല . രണ്ടാമത്തെ നാടകത്തിൽ , മുഖ്യമന്ത്രി കർദ്ദിനാൾ റിച്ചെലിയുവിന്റെ കൈപ്പിടിയിൽ ദുർബലനായ ലൂയി പതിമൂന്നാമനെ ചിത്രീകരിച്ചതിനാൽ അത് പിൻവലിക്കേണ്ടിവന്നു . ഹ്യൂഗോയുടെ ഔദ്യോഗിക അതൃപ്തിയുടെ ആദ്യ അനുഭവമായിരുന്നു ഇത്.

1828-ൽ ഹ്യൂഗോ സുന്ദരിയായ നടി ജൂലിയറ്റ് ഡ്രൂട്ടിനെ കണ്ടുമുട്ടി. അവർ പ്രണയികളായി. മുൻ പരിചയക്കാരെ ഉപേക്ഷിച്ച് തന്നോടൊപ്പം നിശബ്ദമായി ജീവിക്കാൻ അവളോട് വിക്ടർ ഹ്യൂഗോ ആവശ്യപ്പെട്ടു. ജൂലിയറ്റ് സമ്മതിച്ചു. പല സമയങ്ങളിലും അവൾ അവനെ ഉപേക്ഷിക്കാൻ ആലോചിച്ചെങ്കിലും, ജൂലിയറ്റ് തന്റെ ജീവിതത്തിന്റെ ശേഷിച്ച സമയം ഹ്യൂഗോയ്ക്ക് സമർപ്പിച്ചു. കൈയെഴുത്തുപ്രതികൾ പകർത്തിക്കൊടുത്തു . ഗവേഷണത്തിൽ പങ്കാളിയായി . കത്തിടപാടുകൾ കൈകാര്യം ചെയ്തു. പ്രശംസയും പ്രചോദനവും നൽകി .



ഹ്യൂഗോയുടെ അടുത്ത നാടകമായ ഹെർണാനി (1830), ബഹളങ്ങൾക്ക് കാരണമായി. കാൽപ്പനിക പ്രസ്ഥാനം ഇതിനകം തന്നെ ജർമ്മനിയിൽ പ്രചരിച്ചപ്പോൾ, യാഥാസ്ഥിതിക ഫ്രഞ്ച് അഭിരുചിയാവട്ടെ മുൻകാല നിയോ-ക്ലാസിക്കൽ നാടക പ്രസ്ഥാനത്തിൽ നിലനിന്നു . യുക്തിക്ക് മുകളിൽ വികാരത്തെ ഉയർത്തിക്കാട്ടിയതിലും , അതിന്റെ ഉയർന്ന ഭാഷയുടെ അഭാവത്തിലും, ദുരന്തത്തിൽ കോമഡി കലർത്തിയതിലും പഴയ പ്രേക്ഷകർ ഹെർണാനിയെ അവഹേളിച്ചു . പക്ഷെ യുവതലമുറ അത് ആസ്വദിച്ചു .

1830- ലെ വിപ്ലവത്തെത്തുടർന്ന് ചാൾസ് സ്ഥാനത്യാഗം ചെയ്തു. രാജകുടുംബത്തിലെ അംഗമായ ലൂയിസ് - ഫിലിപ്പിന് നിയമസഭ കിരീടം നൽകി. ജന്മാവകാശമായിട്ടല്ല , തെരഞ്ഞെടുപ്പിലൂടെ വോട്ടർമാരുടെ ഇഷ്ടപ്രകാരമാണ് അദ്ദേഹം അധികാരത്തിൽ വന്നതെന്ന് അഭിപ്രായപ്പെട്ടു . എന്നാൽ പതിനെട്ട് വർഷക്കാലം തൊഴിലാളിവർഗ്ഗത്തിന്റെ അവസ്ഥ മെച്ചപ്പെടുത്താൻ അദ്ദേഹം കാര്യമായൊന്നും ചെയ്തില്ല. ഈ കാലയളവിൽ, നെപ്പോളിയൻ ഏറ്റവും വലിയ ഫ്രഞ്ച് ഭരണാധികാരിയാണെന്നും ഏറ്റവും മികച്ച സർക്കാർ സ്ഥാപിച്ചുവെന്നും ഹ്യൂഗോയ്ക്ക് അഭിപ്രായമുായി . എന്നാൽ ലൂയിസ് - ഫിലിപ്പിനെ വ്രണപ്പെടുത്താതിരിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു.

1845- ൽ ഹ്യൂഗോയ്ക്ക് ഇംഗ്ലണ്ടിലെ പ്രഭുസഭയ്ക്ക് തുല്യമായി ഫ്രാൻസിലെ പ്രഭുസഭയിൽ അംഗത്വം നൽകി. വധശിക്ഷയെയും സെൻസർഷിപ്പിനെയും എതിർത്ത് നിരവധി പ്രധാന പ്രസംഗങ്ങൾ ഹ്യൂഗോ നടത്തി .

1848-ലെ വിപ്ലവം ലൂയിസ് - ഫിലിപ്പിനെ സ്ഥാനത്തുനിന്ന് പുറത്താക്കുകയും രണ്ടാം റിപ്പബ്ലിക് സ്ഥാപിക്കുകയും ചെയ്തു. ഹ്യൂഗോ പുതിയ നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. അവിടെ അദ്ദേഹം നെപ്പോളിയൻ ബോണപാർട്ടിന്റെ അനന്തരവൻ ലൂയിസ്- നെപ്പോളിയനെ കണ്ടുമുട്ടി. പുതിയ റിപ്പബ്ലിക്കിന്റെ പ്രസിഡന്റാകേണ്ടത് ഒരു ബോണപാർട്ടാണെന്ന് ഹ്യൂഗോ ഉൾപ്പെടെ പലരും കരുതി. ഹ്യൂഗോ അദ്ദേഹത്തിന്റെ പ്രചാരണത്തെ പിന്തുണച്ചു. ലൂയിസ്- നെപ്പോളിയൻ തിരഞ്ഞെടുക്കപ്പെട്ടു. എന്നാൽ ഒരു വർഷത്തിനുള്ളിൽ ഹ്യൂഗോ പുതിയ സർക്കാരിന്റെ അടിച്ചമർത്തൽ നയങ്ങളെ വിമർശിച്ചു . ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് കാര്യമായൊന്നും ചെയ്തില്ല എന്നും അഭിപ്രായപ്പെട്ടു .

1851 ഡിസംബറിൽ ലൂയിസ് - നെപ്പോളിയൻ ഒരു അട്ടിമറി നടത്തി, നെപ്പോളിയൻ മൂന്നാമൻ ചക്രവർത്തിയായി സ്വയം പ്രഖ്യാപിച്ചു. ഹ്യൂഗോയെ അറസ്റ്റ് ചെയ്യാൻ ഉത്തരവിട്ടു. ജൂലിയറ്റ് തന്റെ വീട്ടിലേക്ക് അയച്ച സൈനികരെ ഒഴിവാക്കാൻ സഹായിക്കുകയും ബ്രസ്സൽസിലേക്ക്

രക്ഷപ്പെടാൻ ഹ്യൂഗോയെ പ്രേരിപ്പിക്കുകയും ചെയ്തു. ബ്രസ്സൽസിൽ വെച്ച് അദ്ദേഹം ചക്രവർത്തിയെ അധിക്ഷേപിക്കുന്ന ഒരു ലഘുലേഖ - നെപ്പോളിയൻ ദി ലിറ്റിൽ എഴുതി . ആയിരക്കണക്കിന് കോപ്പികൾ ഫ്രാൻസിലേക്ക് കടത്തുന്നതിനുമുമ്പ്, ഹ്യൂഗോ തന്റെ കുടുംബത്തെ തന്നോടൊപ്പം ചേരാൻ ഏർപ്പാട് ചെയ്തു. അവരുടെ സാധനങ്ങൾ കൊണ്ടുവരാനും പണം സ്വരൂപിക്കുന്നതിനും അവരുടെ സ്വത്തുക്കൾ ലേലം ചെയ്യാൻ അഡെൽ നിർദ്ദേശിച്ചു. ഫ്രാൻസിലേക്ക് മടങ്ങുമ്പോൾ അവ തിരികെ ലഭിക്കുമെന്ന് പ്രതീക്ഷിച്ച് തന്റെ പുസ്തകങ്ങൾ സുഹൃത്തുക്കൾക്ക് നൽകാൻ ഹ്യൂഗോ അവളോട് ആവശ്യപ്പെട്ടു. അഡെലെ അവയും ലേലം ചെയ്തു.

ഫ്രാൻസിനെ വ്രണപ്പെടുത്താൻ തയ്യാറാകാത്ത ബെൽജിയം, ലഘുലേഖ പുറത്തിറങ്ങിയതിനുശേഷം ഹ്യൂഗോയോട് രാജ്യം വിടാൻ ഉത്തരവിട്ടു. ഒടുവിൽ അദ്ദേഹം ഗ്വേൺസി ദ്വീപിൽ സ്ഥിരതാമസമാക്കി.

1840 കളുടെ മധ്യം മുതൽ, ഹ്യൂഗോ ഇടയ്ക്കിടെ സാമൂഹിക യാഥാർഥ്യ രചനകൾ എഴുതിക്കൊണ്ടിരുന്നു. 1861 ൽ അദ്ദേഹം പാവങ്ങൾ ( ലെ മിസറബിൾ) വീണ്ടും എഴുതാൻ ആരംഭിച്ചു .

1807 മുതൽ 1833 വരെയുള്ള കാലഘട്ടത്തിലാണ് പാവങ്ങളിലെ കഥ നടക്കുന്നത്. ഹ്യൂഗോ നേരിട്ട് അനുഭവിച്ച സംഭവങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് ഇത്. 1862 ൽ പ്രസാധകനായ ലാക്രോയിക്സ് ഈ നോവലിനായി ഹ്യൂഗോയ്ക്ക് ഒരു ദശലക്ഷം ഫ്രാങ്ക് നൽകി . ഫ്രഞ്ച് സാഹിത്യത്തിലെ ഏറ്റവും വലിയ റോയൽറ്റി അഡ്വാൻസ്. ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ ലാക്രോയിക്സ് ലെസ് മിസറബിൾസിൽ നിന്ന് ദശലക്ഷക്കണക്കിന് ഫ്രാങ്കുകൾ ലാഭം സമ്പാദിക്കുകയും ചെയ്തു .

ജൂലിയറ്റിനെക്കുറിച്ച് അഡെലിന് വളരെക്കാലമായി അറിയാമായിരുന്നു. ഫ്രാൻസിൽ നിന്ന് ഗേൺസിയിലേക്കുള്ള ഒരു നീണ്ട യാത്രയിൽ അഡെൽ ജൂലിയറ്റുമായി സൗഹൃദത്തിലായി. സന്ദർശനങ്ങളിൽ ഇരുവരും ഒരു വീട്ടിൽ താമസിച്ചു. അടുത്ത വർഷം (1868) കുടുംബ സംഗമത്തിൽ അഡെൽ മരിച്ചു. ഹ്യൂഗോയ്ക്കും ജൂലിയറ്റിനും വിവാഹം കഴിക്കാൻ സ്വാതന്ത്ര്യമുണ്ടായിരുന്നെങ്കിലും അവർ വിവാഹിതരായില്ല .

1870- ൽ ഫ്രാങ്കോ - പ്രഷ്യൻ യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ നെപ്പോളിയൻ മൂന്നാമൻ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു . മൂന്നാം റിപ്പബ്ലിക് സ്ഥാപിക്കപ്പെടുകയും ചെയ്തു. ഹ്യൂഗോ പാരീസിലേക്ക് മടങ്ങി . പ്രഷ്യൻ ഉപരോധത്തെ നേരിട്ട്, പാരീസിനെ പ്രതിനിധീകരിച്ച് അദ്ദേഹം പുതിയ ദേശീയ അസംബ്ലിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു . 1871 മാർച്ചിൽ അസംബ്ലി ഒരു സമാധാന ഉടമ്പടി അംഗീകരിച്ചു. അതിൽ ഫ്രാൻസിന് ചില പ്രദേശങ്ങൾ നഷ്ടപ്പെടുകയും അഞ്ച് ബില്യൺ ഫ്രാങ്ക് നഷ്ടപരിഹാരം നൽകേണ്ടിവരികയും ചെയ്തു. ബോംബാക്രമണവും അധിനിവേശവും അനുഭവിച്ച പാരീസ് നിവാസികൾ ഇത് നിരസിക്കുകയും കമ്മ്യൂൺ രൂപീകരിക്കുകയും ചെയ്തു. സൈന്യം പരാജയപ്പെടുത്തുന്നതുവരെ ആ പാരീസ് കമ്മ്യൂൺ രണ്ട് മാസത്തേക്ക് ഫ്രാൻസിന്റെ മറ്റ് ഭാഗങ്ങളിൽ നിന്ന് സ്വതന്ത്രമായി പാരീസ് ഭരിച്ചു. ഫ്രഞ്ച് ഭരണകൂടവുമായുള്ള ഏറ്റുമുട്ടലിൽ 1789-ലെ വിപ്ലവത്തെ തുടർന്നുള്ള ഭീകരതയേക്കാൾ കൂടുതൽ ആളുകൾ കമ്മ്യൂണിൽ

കൊല്ലപ്പെട്ടു . സമാധാന ഉടമ്പടിയെ എതിർത്ത് ഹ്യൂഗോ അസംബ്ലിയിൽ നിന്ന് രാജിവെച്ചു .

ഹ്യൂഗോ തന്റെ ദി ടെറിബിൾ ഇയർ എന്ന പുസ്തകത്തിൽ ഇരുവശത്തു മുള്ള അതിക്രമങ്ങളെ അപലപിച്ചു. ഈ സംഭവങ്ങളാണ് അദ്ദേഹത്തിന്റെ അവസാന നോവലായ തൊണ്ണൂറ്റിമൂന്ന് (1873 ) എന്ന കൃതിയുടെ പ്രചോദനം. 1793-ൽ, ഭീകരതയുടെ കാലത്താണ് ഈ നോവലി ലെ ഇതിവൃത്തം ആരംഭിക്കുന്നത്. നോവൽ പെട്ടെന്ന് വിറ്റുതീർന്നു. പുതിയ പതിപ്പുകളിറങ്ങി. ആ കാലഘട്ടവും സമീപ കാല പ്രക്ഷോഭങ്ങളും തമ്മിലുള്ള ബന്ധം ഫ്രഞ്ചുകാർ ഈ നോവലിൽ തിരിച്ചറിഞ്ഞു .

ഹ്യൂഗോയുടെ രാഷ്ട്രീയത്തിലേക്കുള്ള തിരിച്ചുവരവിനെ ജൂലിയറ്റ് പ്രോത്സാഹി പ്പിച്ചു. 1876- ൽ അദ്ദേഹം സെനറ്റിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. വീണ്ടും ഒരു ഫ്രഞ്ച് സ്വേച്ഛാധിപതിയാകാൻ ശ്രമിച്ച നെപ്പോളിയൻ മൂന്നാമന്റെ അട്ടിമറിയെ ക്കുറിച്ചുള്ള വിശകലനമായ ഹ്യൂഗോയുടെ ദി ഹിസ്റ്ററി ഓഫ് എ ക്രൈം, ചരിത്രം ആവർത്തിക്കാൻ അനുവദിക്കുന്നതിനെതിരെ ഫ്രഞ്ചുകാർക്ക് മുന്നറിയിപ്പ് നൽകുന്നതാ യിരുന്നു .റിപ്പബ്ലിക്കിനെ രക്ഷിക്കുന്നതിൽ ഒരു പ്രധാന പങ്ക് ഈ ഗ്രന്ഥം വഹിച്ചു .

1878- ൽ ഹ്യൂഗോയ്ക്ക് ഒരു പക്ഷാഘാതം സംഭവിച്ചു. അനാരോഗ്യത്തിലും മുമ്പ് എഴുതിയ കൃതികൾ പൂർത്തിയാക്കാൻ ശ്രമിച്ചു . 1881- ൽ സർക്കാർ അദ്ദേഹത്തിന്റെ ബഹുമാനാർത്ഥം ഒരു ദേശീയ അവധി പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ ജനാലയ്ക്ക് മുന്നിൽ ആറ് ലക്ഷം ആരാധകർ കടന്നു പോയി. അദ്ദേഹം താമസിച്ചിരുന്ന തെരുവിന് അവന്യൂ വിക്ടർ ഹ്യൂഗോ എന്ന് പുനർ നാമകരണം ചെയ്തു. 1885 മെയ് 22 ന് ഹ്യൂഗോ മരിച്ചു. അതിനു രണ്ട് വർഷം മുമ്പ് ജൂലിയറ്റ് മരിച്ചു; അവർ അമ്പത് വർഷത്തിലേറെ ഒരുമിച്ചായിരുന്നു.

അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം, അദ്ദേഹത്തെ ഒരു പാവപ്പെട്ടവന്റെ ശവപ്പെട്ടിയിൽ കിടത്തി . ഫ്രാൻസ് അദ്ദേഹത്തിന് ഉന്നത ബഹുമതികൾ നൽകി. ഫ്രാൻസിലെ നിരവധി വീരന്മാരെ അടക്കം ചെയ്തിരിക്കുന്ന പന്തീയോണിൽ അദ്ദേഹം അന്ത്യവിശ്രമം കൊള്ളുന്നു.


(ഡാനിയേൽ ഫ്രെസ്സയോട് കടപ്പാട് ).




August Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature and World Cinema FilmFestival Part-III



# പാവങ്ങൾ (Les Miserables): വിക്ടർ ഹ്യൂഗോ



ഷീബ . എസ് . ജെയിംസ്
(ഫിൽക്ക)



വിക്ടർ ഹ്യൂഗോയുടെ 1862 – ൽ പുറത്തിറങ്ങിയ മഹത്തായ നോവലായ **Les Miserables** (പാവങ്ങൾ), ഫ്രഞ്ച് സാഹിത്യത്തിലെ ഏറ്റവും പ്രശസ്തമായ സാമൂഹ്യ രാഷ്ട്രീയ നോവലുകളിൽ ഒന്നാണ്.


നോവലിൽ ഫ്രഞ്ച് വിപ്ലവാനന്തര കാലത്തെ സാമൂഹിക മാറ്റങ്ങൾ, നിയമ വ്യവസ്ഥയിലെ അനീതി, മതം, കരുണ, മോചനം എന്നിവയുടെ അർത്ഥങ്ങൾ, ഇവ ആഴത്തിൽ വിശകലനം ചെയ്യുന്നു. 1815 മുതൽ 1832 വരെയുള്ള ഫ്രാൻസിലെ സാമൂഹിക യഥാർത്ഥ്യങ്ങളെ പശ്ചാത്തലമാക്കിയാണ് ഈ നോവൽ രചിച്ചിരിക്കുന്നത്.

1925-ൽ നാലപ്പാട്ട് നാരായണ മേനോൻ ഈ നോവൽ പാവങ്ങൾ എന്ന പേരിൽ മലയാളത്തിൽ വിവർത്തനം ചെയ്തു.

നോവലിലെ കേന്ദ്രകഥാപാത്രം ജീൻ വാൽജീൻ ആണ്. ഒരു തണുപ്പ് കാലത്ത് വിധവയായ സഹോദരി മക്കളുടെ വിശപ്പകറ്റാൻ അടുത്ത ബേക്കറിയിലെ കണ്ണാടിപ്പെട്ടിയിൽ നിന്നും ഒരു റൊട്ടി മോഷ്ടിച്ചു. ആ മോഷണം കയ്യോടെ പിടിക്കുകയും ജീൻ വാൽജീനെ നിയമത്തിന്റെ മുന്നിൽ ഹാജരാക്കുകയും ചെയ്തു. 3 വർഷം കാരിപ്പണി ശിക്ഷയ്ക്ക് വിധിക്കപ്പെട്ടു. കുടുംബത്തിന്റെ പട്ടിണിയെ പറ്റി ബോധവാനായ അയാൾ പല തവണ തടവ് ചാടി. ഓരോ തവണയും പിടിക്കപ്പെട്ടു. അങ്ങനെ ജയിൽ ശിക്ഷ 19 വർഷം നീണ്ടു.

തടവ് കഴിഞ്ഞ് പുറത്തിറങ്ങുന്നതോടെയാണ് സിനിമ ആരംഭിക്കുന്നത്.സമൂഹം അയാളെ അംഗീകരിക്കാൻ തയ്യാറാവുന്നില്ല. രാത്രി വിശന്നുതളർന്ന് മെത്രാസനത്തിന് സമീപം തണുത്ത് വിറച്ച് കിടന്നു. മിറയേൽ എന്ന ദയാമയനായ മെത്രാൻ അയാൾക്ക് ഭക്ഷണവും കിടക്കാൻ ശയ്യയും കൊടുത്തു. ജീൻ വാൽജീൻ ചോദിച്ചു : നിങ്ങളെ ഈ രാത്രി ഞാൻ കൊല്ലില്ല എന്നതിനു എന്താണുറപ്പ് ? . മെത്രാൻ തിരിച്ച് ചോദിച്ചു: ഞാൻ നിങ്ങളെ കൊല്ലില്ല എന്നതിന് നിങ്ങൾക്കെന്താണുറപ്പ് ? . ജീൻ വാൽജീൻ ഞെട്ടിപ്പോയി.മെത്രാൻ പറഞ്ഞു : പരസ്പര വിശ്വാസമാണ് നമുക്കിടയിലുള്ളത് .

എന്നാൽ 19 വർഷത്തെ ജയിൽ ജീവിതം അയാളെ ഒരു കള്ളനാക്കി മാറ്റിയിരുന്നു. അന്ന് അരമനയിൽ നിന്നും വെള്ളി പാത്രങ്ങൾ മോഷ്ടിച്ച് കടന്നു. പോലീസ് പിടികൂടി അയാളെ മെത്രാന്റെ തന്നെ മുന്നിലെത്തിച്ചു. മോഷ്ടിച്ച വെള്ളി പാത്രങ്ങൾ ജീൻ വാൽജീന് സമ്മാനിച്ച താണെന്നാണ് മെത്രാൻ പോലീസി നോട് പറഞ്ഞത്. വെള്ളി മെഴുകുതിരി കാലുകൾ കൂടി കൊണ്ടുപോകാത്തതെ ന്തെന്ന് മെത്രാൻ അയാളോട് ചോദിച്ചു. മെത്രാന്റെ ദയയാൽ പോലീസ് പിടിയിൽ നിന്നും അയാൾ രക്ഷപ്പെട്ടു. ഈ സംഭവം അയാളെ മാനസാന്തരപ്പെടുത്തി . അതോടെ ജീൻ വാൽജീനിന്റെ ജീവിത ത്തിൽ നന്മയാർന്ന മാറ്റങ്ങളുണ്ടായി.




ജീൻ വാൽജീൻ വ്യാജ നാമത്തിൽ മാഡ്‌ലിൻ എന്ന വ്യക്തിയായി മാറി. സ്വന്തം ജീവിതം നവീകരിച്ച് ഒരു സമ്പന്ന വ്യവസായി ആയി. മെല്ലെ പട്ടണ മേയറായി. പക്ഷേ അവിടെയെത്തിയ ജാവേർ എന്നപോലീസ് ഉദ്യോഗസ്ഥന് അയാൾ പഴയ കുറ്റവാളിയായ ജീൻ വാൽ ജീൻ തന്നെയെന്ന് ഉറപ്പായിരുന്നു. ജാവേർ നിരന്തരമായി മേയറെ പിന്തുടരുന്നു.

ജീൻ വാൽജീന്റെ ജീവിതത്തോടൊപ്പം ഫാന്റീൻ എന്ന യുവതിയുടെ ദുരിത കഥയും നോവലിൽ പ്രധാനമാണ്. അനാഥയായ ഫാന്റീന്റെ മകൾ കോസെറ്റ്, ജീൻ വാൽജീന് വേണ്ട ി കഷ്ടപ്പെടുന്നു. അവളെ തെനാർ ദിയേർ ദമ്പതികൾ ക്രൂരമായി പീഡിപ്പിക്കുന്നു. പിന്നീട് വാൽജീൻ കോസെറ്റിനെ രക്ഷിച്ച് അവളെ വളർത്തുന്നു. മാരിയസ് എന്ന യുവാവ് കോസെറ്റിനോട് പ്രണയം പുലർത്തുന്നു.

1832 – ൽ ഉണ്ടായ പാരീസ് വിപ്ലവത്തിന്റെ പശ്ചാത്തലത്തിൽ മാരിയസ് നിരവധി യുവാക്കളോടൊപ്പം ഭരണകൂടത്തിനെ തിരായി പോരാടുന്നു. ഇതോടെ നോവൽ വിപ്ലവാത്മകവും ഉത്കണ്ഠാജനകവുമായ രീതിയിലേക്ക് മാറുന്നു.

ജാവേർ എന്ന പോലീസ് ഉദ്യോഗസ്ഥൻ നിയമത്തെ വിശുദ്ധമായി കാണുന്നു. എന്നാൽ വാൽജീന്റെ ജീവിതത്തിൽ മെത്രാന്റെ വാക്കുകൾ ഒരു അദൃശ്യ ശക്തിയായി പിന്തുടരുന്നതിനാൽ കഷ്ട പ്പാടിലും സത്യസന്ധനായി തുടരാൻ അയാളെ പ്രേരിപ്പിച്ചു കൊണ്ടിരുന്നു. അങ്ങനെ അയാളുടെ ജീവിതം മനുഷ്യ ത്വത്തിന്റെ ഉത്തമത്വത്തെയും അതി ജീവനത്തിനായി നിയമം മറികടക്കേണ്ട തിനെകുറിച്ചുമുള്ള സംവാദത്തിന് വഴിയൊരുക്കുന്നു.

ജീൻ വാൽജീൻ പട്ടണത്തിന്റെ അത്യുന്നതമായ മേയർ സ്ഥാനം വഹി ക്കുമ്പോൾ യേശുവിനെ മനസ്സിൽ സൂക്ഷിച്ചു. ഒട്ടേറെ സാമൂഹിക ശുശ്രൂ ഷകൾ ചെയ്യുന്നു. പലപ്പോഴും ദരിദ്രർക്കും അധ്വാനിക്കുന്നവർക്കും നിന്ദിതർക്കും

ഒറ്റപ്പെട്ടവർക്കും പാപികൾക്കും ഒരു രക്ഷകനെപോലെയായിരുന്നു . താനാണെന്ന് തെറ്റിദ്ധരിച്ച് മറ്റൊരു മനുഷ്യൻ ശിക്ഷിക്കപ്പെടുമെന്ന് വന്നപ്പോൾ ജീൻ വാൽജീൻ കോടതി യിൽ ഹാജരായി സത്യം പറഞ്ഞ് പ്രതിയെ രക്ഷിക്കുന്നു . വീണ്ടും തടവിലാക്കപ്പെടുന്നു. പിന്നീട് ഒളിവിൽ കഴിയേണ്ടി വരുന്നു. അപ്പോൾ പട്ടണത്തിൽ വിപ്ലവകാരികളും രാജസൈന്യവും തമ്മിൽ ഏറ്റുമുട്ടൽ തുടരുകയാണ്.



ജീൻ വാൽജീൻ, ഫാന്റീൻ, കോസെറ്റ്, മാരിയസ് എന്നിവരുടെ ജീവിതങ്ങളിലൂടെ സമ്പന്നർക്കും ദരിദ്രർക്കും ഇടയിൽ വലിയ ഭേദമുണ്ടെന്നും സാമ്പത്തിക അസമത്വ ത്തിന്റെ തീവ്രത എത്ര വലുതാണെന്നും നോവലിൽ ഹ്യൂഗോ വ്യക്തമാക്കുന്നു.

നോവലിലെ ഏറ്റവും ശക്തമായ പ്രമേയ ങ്ങളിലൊന്ന് കരുണയാണ്. ബിഷപ്പ് മിറയേൽ നൽകുന്ന ഒരു ചെറിയ കാരുണ്യ പ്രവർത്തനം വാൽജീന്റെ മുഴുവൻ ജീവിതം മാറ്റി മറിക്കുന്നു. അതുപോലെ തന്നെ ജീൻ വാൽജീൻ, കോസെറ്റിന്റെ രക്ഷകൻ ആകുന്നതോടെ അവരുടെ ജീവിതവും മാറി മറിയുന്നു. പോലീസുകാരൻ ജാവേറിനെ വിപ്ലവകാരികളിൽ രക്ഷപ്പെടുത്തുന്നു. ഇത് ജാവേറിനെയും മാനസന്തരപ്പെടുത്തി. അയാൾ അന്വേഷണത്തിൽ നിന്ന് ജീൻ വാൽജീനെ സ്വതന്ത്രനാക്കുന്നു.

പോരാട്ടത്തിൽ പരുക്കേറ്റ മാരിയസിനെ അന്തർഭാഗത്തുള്ള മാലിന്യച്ചാലിലൂടെ ചുമന്ന് രക്ഷപ്പെടുത്തി ചികിത്സാലയ ത്തിലെത്തിച്ചു. മാരിയസ് കോസറ്റിനെ വിവാഹം കഴിച്ചു. ജീൻ വാൽജീൻ വീണ്ടും ഏകാന്തജീവിതത്തിലേക്ക് കടന്നു. വൃദ്ധനും രോഗിയും അവശനുമായ അയാളെ മാരിയസും കോസറ്റും സന്ദർശിക്കുന്നു, പരിചരിക്കുന്നു. താമസിയാതെ ജീൻ വാൽജീൻ മരിക്കുന്നു.

ദാരിദ്ര്യവും അതിജീവിക്കാൻ വേണ്ടി യുള്ള കുറ്റകൃത്യങ്ങളും പാപത്തിന്റെ അഴുക്കുചാലിലേക്ക് വീഴുന്ന സാഹചര്യ ങ്ങളും നിറഞ്ഞ ജീവിതത്തിൽ കരുണയി ലൂടെ മാനസാന്തരം സംഭവിക്കുന്നവർ മനുഷ്യസ്നേഹിയും രക്ഷകനും സത്യസന്ധനുമായി മാറുന്ന സന്ദർഭങ്ങൾ...



ഒരു നൊമ്പരത്തോടെ മാത്രമേ ഈ നോവൽ നമുക്ക് വായിച്ചു തീർക്കാൻ കഴിയൂ. ഹ്യൂഗോയുടെ എഴുത്ത് വിപുലമായ വിവരണങ്ങളാൽ സമ്പുഷ്ടമാണ്. വിപ്ലവത്തിന്റെയും ജീവിതത്തിന്റെയും അടരുകൾ തുറന്നു കാട്ടുന്ന വിക്ടർ ഹ്യൂഗോയുടെ ആഖ്യാനം, കാവ്യാത്മ കവും തത്വശാസ്ത്ര പരവുമാണ്.

പാവങ്ങൾ ലോക സാഹിത്യത്തിലെ ഒരു ശാശ്വതസൃഷ്ടിയായി തീർന്നിരിക്കുന്നു. സിനിമകളായി, സംഗീത നാടകങ്ങളായി, ടെലിവിഷൻ പരമ്പരകളായി വിവിധ രൂപങ്ങളിൽ ഭവിച്ചിരിക്കുന്നു. ലോകമെമ്പാടുമുള്ള എഴുത്തുകാർക്കും നിരൂപകർക്കും ഈ നോവൽ ഒരു പ്രചോദനമാണ്. സമൂഹത്തിന്റെ ദാരിദ്ര്യം മാത്രമല്ല നീതിയും അനീതിയും അതിജീവനവും ഈ നോവൽ ചർച്ച ചെയ്യുന്നു.




സാഹിത്യത്തിന്റെയും ചരിത്രത്തിന്റെയും നാഴികക്കല്ലായ ഈ നോവൽ വിക്ടർ ഹ്യൂഗോയുടെ അതുല്യ പ്രതിഭയുടെ പ്രകാശം ചൊരിഞ്ഞുകൊണ്ടിരിക്കുന്നു.



August Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature and World Cinema FilmFestival Part-III



# Les Miserables: സംവിധായകൻ ബില്ലി ഓഗസ്റ്റ്



ഗിരിജ സുരേന്ദ്രൻ
(ഫിൽക്ക)



ബില്ലി ഓഗസ്റ്റ് ആർ. ഒരു ഡാനിഷ് സംവിധായകനും തിരക്കഥാകൃത്തും ചലച്ചിത്ര-ടെലിവിഷൻ ഛായാഗ്രാഹകനുമാണ്.

1987-ൽ പുറത്തിറങ്ങിയ ബില്ലി ഓഗസ്റ്റിനെ പെല്ലെ ദി കോൺക്വറർ എന്ന ചിത്രത്തിന് പാം ഡി ഓർ, അക്കാദമി അവാർഡ്, ഗോൾഡൻ ഗ്ലോബ് അവാർഡ് എന്നിവ ലഭിച്ചു.

ഇംഗ്മർ ബെർഗ്മാന്റെ ആത്മകഥാപരമായ തിരക്കഥയെ അടിസ്ഥാനമാക്കി 1992-ൽ സംവിധാനം ചെയ്ത ദി ബെസ്റ്റ് ഇന്റൻഷൻസിന് കാൻ ഫെസ്റ്റിവൽ അവാർഡ് ലഭിച്ചു. പാം ഡി ഓർ രണ്ടുതവണ നേടിയ, പത്ത് സംവിധായകരിൽ ഒരാളാണ് അദ്ദേഹം.

ഇസബെൽ അല്ലെൻഡെയുടെ നോവലിനെ അടിസ്ഥാനമാക്കിയുള്ള ദി ഹൗസ് ഓഫ് ദി സ്പിരിറ്റ്സ് ; സ്മില്ലയുടെ സെൻസ് ഓഫ് സ്നോ ; ലെ മിസറബിൾ ; നൈറ്റ് ട്രെയിൻ ടു ലിസ്ബൺ , സൈലന്റ് ഹാർട്ട് , ദി ചൈനീസ് വിഡോ , എ ഫോർച്യൂണേറ്റ് മാൻ എന്നിവ അദ്ദേഹത്തിന്റെ ശ്രദ്ധേയ ചലച്ചിത്രങ്ങളിൽ ഉൾപ്പെടുന്നു.മികച്ച ഡാനിഷ് ചിത്രത്തിനുള്ള അഞ്ച് റോബർട്ട് അവാർഡുകളും (മികച്ച സിനിമയും മികച്ച സംവിധായകനും ഉൾപ്പെടെ) മൂന്ന് ബോഡിൽ അവാർഡുകളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. അദ്ദേഹം നൈറ്റ് ഓഫ് ദി ഓർഡർ ഓഫ് ദി ഡാനെബ്രോഗ് കൂടിയാണ്.

1948 നവംബർ 9 ന് ഡെൻമാർക്കിലെ ബ്രെഡിൽ ബില്ലി ഓഗസ്റ്റ് ജനിച്ചു. പ്രാദേശിക സ്കൂളുകളിൽ പഠിച്ചതിനു ശേഷം, സ്വീഡനിലെ സ്റ്റോക്ക്ഹോമിലുള്ള ഫോട്ടോ-ഓക്ക് ഡോക്യുമെന്റർസ് കോളജിൽ നിന്നും ബിരുദം നേടി. പിന്നീട് ഡെൻമാർക്കിലെ നാഷണൽ ഫിലിം സ്കൂളിലും പഠനം പൂർത്തിയാക്കി .

ഒരു ഛായാഗ്രാഹകനായാണ് അദ്ദേഹം തന്റെ കരിയർ ആരംഭിച്ചത്. 1978-ൽ മികച്ച ഡാനിഷ് ചിത്രത്തിനുള്ള ബോഡിൽ അവാർഡ് നേടിയ ഇൻ മൈ ലൈഫ് എന്ന ചിത്രത്തിലൂടെയാണ് അദ്ദേഹം ഫീച്ചർ ഫിലിം സംവിധാന രംഗത്തേക്ക് പ്രവേശിച്ചത്.




ജോർജ്ജ് ലൂക്കാസിന്റെ കീഴിൽ ദി അഡ്വ ഞ്ചേഴ്സ് ഓഫ് യംഗ് ഇന്ത്യാന ജോൺസ് , ദി പെരിൽസ് ഓഫ് ക്യൂപിഡ് ടെയിൽസ് ഓഫ് ഇന്നസെൻസ് എന്നീ ചിത്രങ്ങളിൽ അദ്ദേഹത്തിന്റെ ഭാര്യ പെർണില്ല അഭിന യിച്ചപ്പോൾ അതിൽ പ്രവർത്തിച്ചു. പിന്നീട് സ്റ്റാർ വാർസ് ത്രയത്തിലെ ആദ്യ രണ്ട് ചിത്രങ്ങളിൽ പെർണില്ല അഭിനയിച്ചു. ദി ക്ലോൺ വാർസ് ടെലിവിഷൻ പരമ്പരയിലെ ഒരു എപ്പിസോ ഡിൽ പെർണില്ല പ്രത്യക്ഷപ്പെടുകയും ചെയ്തു.ഡെൻമാർക്കിൽ പതിറ്റാണ്ടുകളായി ശ്രദ്ധേയമായ സിനിമകൾ എഴുതുകയും സംവിധാനം ചെയ്യുകയും നിർമ്മിക്കു കയും ചെയ്ത ശേഷം, 2011 സെപ്റ്റംബർ 23 ന്, ബില്ലി ഓഗസ്റ്റ് ചൈനയിലെ ഹാങ് ഷൗവിൽ ഒരു സ്റ്റുഡിയോ തുറന്നതായും അടുത്ത കുറച്ച് വർഷങ്ങളിൽ ടിയാൻപെങ് മീഡിയയ്ക്കായി ചൈനീസ് സിനിമകൾ നിർമ്മിക്കുന്നതിനായി ടിയാൻപെങ് മീഡിയയുടെ ആർട്ട് ഡയറക്ടറായി ചുമതല യേറ്റതായും പ്രഖ്യാപിച്ചിരുന്നു. 2010 ൽ സ്ഥാപിതമായ ഒരു പുതിയ മീഡിയ കമ്പന ിയാണ് ടിയാൻപെങ് മീഡിയ. 2011 ൽ പ ുറത്തിറങ്ങിയ ദി വിമൻ നൈറ്റ് ഓഫ് മിറർ , ദി ഇയേഴ്സ് ഓഫ് ക്വി സിയാവോ ഫു എന്നീ രണ്ട് ചിത്രങ്ങൾ കമ്പനി നിർമ്മിച്ചു.

ചൈനീസ് ഫിലിം കമ്പനി നിയമിക്കുന്ന ആദ്യത്തെ വിദേശ സംവിധായകനാണ് അദ്ദേഹം. 2011-ൽ, നഗരത്തിന്റെ സാംസ്കാ രിക ഉപദേഷ്ടാവ് ആയി സേവനമനുഷ്ഠി ക്കാനുള്ള ഹാങ്ഷോ സർക്കാരിന്റെ ക്ഷണം ബില്ലി ഓഗസ്റ്റ് സ്വീകരിച്ചു.അദ്ദേഹത്തിന്റെ നൈറ്റ് ട്രെയിൻ ടു ലിസ്ബൺ (2013) എന്ന സിനിമ 63-ാമത് ബെർലിൻ അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ മത്സരേതര വിഭാഗത്തിലാ ണ് ആദ്യമായി പ്രദർശിപ്പിച്ചത്.



August Film Festival


ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature and World Cinema FilmFestival Part-III



കവിത



പുഷ്പ അനിൽ
( ഫിൽക്ക)

# ജീൻ വാൽജീൻ

വഴി തെറ്റിയറിയാതെ
നോവിൻ ശലഭമായ് ചിറകിട്ടടിച്ചു
ചിതറിത്തെറിയ്ക്കുന്നു കാലം

വിശപ്പിന്റെ വിളിയിൽ വിപരീതങ്ങൾ
മാടിവിളിക്കുന്നു
ബാല്യമൂർന്നു മഴയിൽ കുതിർന്നലിഞ്ഞ്
യൗവനഹൃദന്തത്തിലന്ന് കേകിയാട്ടം
സോദരി പുത്രർതൻ പശിയടക്കാൻ
മോഷണം തുടങ്ങീടവേ
ബോധ തലങ്ങളിൽ
അതിജീവനത്തിന്റെ
കനൽപ്പെയ്ത്തിന്നഗ്നി ഗോളങ്ങൾ
പലവുരു ജയിൽ ചാട്ടം തുടരുന്നു

തടവറ മോചിതനായിട്ടു പിന്നേയും
സ്വാവലംബിയായ് മാറുന്നു
അന്തിയുറങ്ങുവാൻ
ഒന്നു തല ചായ്ക്കുവാൻ
കൊടുംതണുപ്പിലലയുന്ന വേളയിൽ
ആർദ്രഹൃദയനാം മെത്രാൻ മിറായേൽ
ഭക്ഷണവും ശയ്യയും കൊടുക്കുന്നു
ദൈവം ഹൃദയം തുറക്കുന്നു

നിങ്ങളെ ഈ രാത്രി
കൊല്ലില്ലയെന്നെന്താണുറപ്പെന്നു
ചോദിക്കുമാനേരം
അപ്രതീക്ഷിതം
ഞെട്ടുമാരീതിയിൽ ജീൻ വാൽജീനോട്
മെത്രാൻ തിരികെയതേ
ചോദ്യമുയർത്തുമ്പോഴും,
പരസ്പര വിശ്വാസമാണ്
നമുക്കിടയിലുള്ളതെന്നുര
ചെയ്യുന്ന നേരം
മാനസാന്തരത്തിൻ അശരീരി
കേൾക്കുന്നു

വർഷങ്ങളലിഞ്ഞ ജയിൽ ജീവിത
ത്തിൻ മുൾവേലികൾ
മോചനമപ്പോഴും ഇരുളിലാകുമ്പോൾ
മോഷണം പിന്നെയും തുടരുന്നു
അരമനയിൽ നിന്നു വെള്ളിപ്പാത്രങ്ങൾ
കൈക്കലാക്കിക്കൊണ്ടും

പോലീസിൻ ചോദ്യത്തിന്നുത്തരമായി
മെത്രാന്റെ വാക്കുകൾ...
ഞാൻ തന്ന വെള്ളി മെഴുകുതിരി
ക്കാലുകൾ കൂടി നീ കൊണ്ടു
പോകാത്തതെന്ത് ?

മാനസാന്തരത്തിൻ നൊമ്പരമായി ജീൻ
വാൽജീനിൽ
ചലനം സൃഷ്ടിച്ച മസ്തിഷ്കപ്രഹരം

കാലചക്രത്തിൻ ഗതിതന്നെ മാറുന്നു
ഭൂമിയെ ഒന്നാകെ മാറ്റിമറിച്ചുവോ
കനലിലെരിഞ്ഞതു
പുതു ദൈവിക ചൈതന്യമായ് ഉത്തുംഗ
ശൃംഗമേറി ജീൻ വാൽജീൻ,
മാഡ്‌ലിൻ എന്ന വ്യാജനാമത്തിൽ സമ്പന്ന
വ്യവസായിയായ് പട്ടണമേയറായ്...

നിയമ പരിപാലകൻ ജാവേദ്,
ആരാണിവനെന്നു തിരഞ്ഞു നടക്കവേ
അദൃശ്യ ശക്തിയായ് മെത്രാന്റെ
വാക്കുകളവനെ പിന്തുടരുന്നു
സത്യം മനുഷ്യത്വം മനസ്സാൽ വരിക്കുന്നു

അപ്പോഴും ദരിദ്രർ നിന്ദിതർ ഒറ്റപ്പെട്ടവർ
പീഡിതർ ഭാരം ചുമക്കുന്നവർ
പാപികൾക്കൊക്കെയും രക്ഷകനാവുന്നു
ജീൻ വാൽജീൻ

ഫാന്റീൻ മകളാം കോസെറ്റിനെ
പരിപാലിച്ചും
പാരീസ് വിപ്ളവം പൊട്ടി പുറപ്പെടും
നേരം ഭരണകൂടത്തിനെതിരെ
പോരാടും കോസെറ്റിൻ പ്രണയിതാവാം
മാരിയസിനെ രക്ഷിച്ചും

വിപ്ളവകാരികളിൽ നിന്നും
പോലീസ്‌മേധാവി
ജാവേദിനെ മോചിപ്പിച്ചും
മാനസാന്തരത്തിൽ മഹാ വിപ്ളവം
തന്നെ ഉടലെടുക്കുന്നു

കനൽ ചൊരിഞ്ഞ ഹിമരഥ്യയിൽ
ജീവിതവും വിപ്ളവവും
കൂട്ടിക്കുഴച്ച ദിനരാത്രങ്ങളിൽ
നവയുഗ പരിണാമമൊരുക്കുന്നു
ഋതുസംക്രമണങ്ങൾ .

August Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature and World Cinema FilmFestival Part-III



# ടോൾസ്റ്റോയിയുടെ സാഹിത്യലോകം



ഡോ. പി. അജികുമാർ
(ഫിൽക്ക)




വിശ്വപ്രശസ്തനായ റഷ്യൻഎഴുത്തുകാരനും ചിന്തകനുമായിരുന്നു ലിയോ നിക്കോളോവിച്ച് ടോൾസ്റ്റോയി . റഷ്യൻ സമൂഹത്തിന്റെ യാഥാർത്ഥ്യ ബോധത്തോടെയുള്ള ആവിഷ്കരണത്തിലൂടെയും മനുഷ്യ ജീവിതത്തിന്റെയും ചരിത്രത്തിന്റെയും പ്രശ്നങ്ങളോടുള്ള സമഗ്രമായ സമീപനത്തിന്റെയും പേരിൽ അദ്ദേഹത്തിന്റെ രചനകൾ ശ്രദ്ധിക്കപ്പെട്ടു.

ഒരു ചിന്തകനെന്ന നിലയിൽ അക്രമ രഹിത പ്രതിരോധമെന്ന ആശയത്തിന് ടോൾസ്റ്റോയി ഊന്നൽ നൽകി.

പടിഞ്ഞാറൻ റഷ്യയിലെ റ്റ്യൂല, നഗരത്തിനടുത്തുള്ള യാസ്നയാ പോല്യാന യിലെ ഒരു പ്രഭു കുടുംബത്തിൽ 1828 സെപ്റ്റംബർ 9 നാണ് ടോൾസ്റ്റോയി ജനിച്ചത് . അദ്ദേഹത്തിന് രണ്ട് വയസ്സു തികയും മുമ്പ് മാതാവും ഒൻപതാമത്തെ വയസ്സിൽ പിതാവും നഷ്ടപ്പെട്ടു. ബന്ധുക്കളുടെ സംരക്ഷണയിൽ വളർന്ന ടോൾസ്റ്റോയി കസാൻ സർവ്വകലാശാലയിൽ ചേർന്നെങ്കിലും പഠനം ഇടയ്ക്കു വച്ച് നിർത്തി മോസ്കോയിലും സെന്റ് പീറ്റേഴ്സിലും കുറേക്കാലം കുത്തഴിഞ്ഞ ജീവിതം നയിച്ചു .

ഉന്നതമായ ആദർശങ്ങൾക്കും അതിനു നിരക്കാത്ത ജീവിതത്തിനും ഇടയ്ക്ക് ചാഞ്ചാടുകയായിരുന്ന ടോൾസ്റ്റോയി ചൂതാട്ടം വരുത്തി വച്ച കടത്തിൽ നിന്നും രക്ഷപ്പെടാനായി മൂത്ത സഹോദരനോടൊപ്പം റഷ്യൻ സൈന്യത്തിൽ ചേർന്നു. ഇക്കാലത്ത് അദ്ദേഹം ബാല്യം, കൗമാരം യൗവ്വനം, എന്ന ജീവചരിത്ര സംബന്ധിയായ ഗ്രന്ഥം രചിച്ചു. ഈ കൃതി പ്രസിദ്ധീകരിച്ചതോടെ എഴുത്തുകാരനെന്ന നിലയിൽ അദ്ദേഹം ശ്രദ്ധിക്കപ്പെട്ടു തുടങ്ങി .

ആറു വർഷത്തെ സൈനിക സേവനത്തിന് ശേഷം ഫ്രാൻസ്, ജർമനി, സ്വിറ്റ്സർലൻഡ്, തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ചു . റഷ്യയിൽ തിരികെയെത്തിയ ടോൾസ്റ്റോയി കർഷകരുടെ കുട്ടികൾക്കായി ഒരു വിദ്യാലയം സ്ഥാപിച്ചു .1862 ൽ മുപ്പത്തിനാലാമത്തെ വയസ്സിൽ സുഹൃത്തിന്റെ സഹോദരി പത്തൊൻപതുകാരിയായ സോഫിയ അന്ദ്രീനയെ വിവാഹം കഴിച്ചു . അദ്ദേഹത്തിന്റെ കൃതികളുടെ കയ്യെഴുത്തു പ്രതികൾ തയ്യാറാക്കിയിരുന്ന സോഫിയ ഭാര്യയെക്കാളുപരി വിശ്വസ്തയായ സെക്രട്ടറി കൂടിയായിരുന്നു.




യുദ്ധവും സമാധാനവും എന്ന ബൃഹദ് കൃതി അവർ ഏഴു വട്ടം പകർത്തി എഴുതിയിട്ടുണ്ടെന്നാണ് പറയപ്പെടുന്നത് .

വിവാഹത്തെ തുടർന്നുള്ള സംതൃപ്തമായ കുടുംബ ജീവിതത്തിന്റെ ആദ്യ കാലത്താണ് അദ്ദേഹത്തിന്റെ ഏറ്റവും ശ്രദ്ധയമായ യുദ്ധവും സമാധാനവും രചിക്കപ്പെട്ടത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ റഷ്യയുടെമേൽ നെപ്പോളിയൻ അഴിച്ചു വിട്ട ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ , മനുഷ്യ ചരിത്രത്തിന്റെ ഗതിയെ നിശ്ചയിക്കുന്നത് എന്താണ് എന്ന അന്വേഷണമാണ് ഈ നോവൽ .

ചരിത്രഗതിയിൽ എല്ലാം മുൻ നിശ്ചിതമാണെന്നും അതേ സമയം സ്വതന്ത്രമനസ്സുണ്ടെന്ന് കരുതി ജീവിക്കുക മാത്രമാണ് മനുഷ്യന് ചെയ്യാൻ കഴിയുന്നത് എന്നുമാണ് ഇതിൽ അദ്ദേഹം തെളിയിക്കാൻ ശ്രമിക്കുന്നത്. ചരിത്രം സൃഷ്ടിക്കുന്നത് മഹദ് വ്യക്തികളായി എണ്ണപ്പെടുന്ന നെപ്പോളിയനെപ്പോലുള്ളവരുടെ ഇച്ഛാശക്തിയല്ലെന്നും മറിച്ച് സാധാരണ ജീവിതം നയിക്കുന്ന ജനലക്ഷങ്ങളുടെ പ്രവർത്തങ്ങളിലാണ് ചരിത്രസംഭവങ്ങളുടെ വിശദീകരണം കണ്ടെത്തേണ്ടതെന്നും അദ്ദേഹം വാദിച്ചു. ലോകചരിത്രത്തിന്റെ കുത്തൊഴുക്കിൽ തങ്ങളുടെ കഴിവില്ലായ്മ തിരിച്ചറിയാതെ ഒഴുക്കിനെ നിയന്ത്രിക്കുകയാണ് തങ്ങളെന്ന് ഭാവിക്കുക മാത്രമാണ് നെപ്പോളിയനെപ്പോലുള്ളവർ. അങ്ങനെയുള്ളവരേക്കാൾ ചരിത്രത്തെ സ്വാധീനിക്കുന്നത് കിറുക്കനും കോമാളിയുമെന്ന് തോന്നിച്ച റഷ്യൻ സൈന്യാധിപൻ ഖുട്ടൂസോവനെപ്പോലുള്ളവരാണ്.

മോസ്കോയിലും, പീറ്റേഴ്സ് ബർഗിലുമുള്ള അഞ്ച് കുടുംബങ്ങളുടെ കഥയിലൂടെയാണ് ടോൾസ്റ്റോയി ചരിത്രത്തെക്കുറിച്ചുള്ള ഈ നിലപാട് അവതരിപ്പിക്കുന്നത്. നോവൽ എന്നതിലുപരി ഇതിഹാസ സമാനമായ ബൃഹദ് ഘടനയാണ് യുദ്ധവും സമാധാനവും . ചരിത്ര പുരുഷൻമാരും അല്ലാത്തവരുമായി അഞ്ഞൂറ്റി എൺപതോളം കഥാപാത്രങ്ങൾ ഇതിലുണ്ട്.



പത്തൊൻപതാം നൂറ്റാണ്ടിലെതന്നെ മറ്റൊരു പ്രശസ്ത നോവലായ ഗുസ്താവ് ഫ്ലോബേറിന്റെ മദാം ബോവറിയെപ്പോലെ സ്നേഹരഹിതമായ ഒരു വിവാഹത്തിന്റെ ബന്ധനം സൃഷ്ടിച്ച ശൂന്യതയിൽ വിവാഹേതര പ്രണയത്തിലേക്കും അവിശ്വാസത്തിലേക്കും തള്ളിനീക്കപ്പെട്ട ഒരു സ്ത്രീയുടെ കഥയാണ് അന്ന കരേനീന .

സന്തുഷ്ട കുടുംബങ്ങളെല്ലാം ഒരേ മട്ടാണ്. എന്നാൽ ഓരോ അസന്തുഷ്ട കുടുംബവും അസന്തുഷ്ടമായിരിക്കുന്നത് അതിന്റെ പ്രത്യേക വഴിക്കാണ് എന്ന പ്രസിദ്ധമായ വാക്യത്തിൽ തുടങ്ങുന്ന നോവൽ കുടുംബ ബന്ധങ്ങളില പ്രതിസന്ധികളെ പിന്തുടരുന്നതിനൊപ്പം ജീവിതത്തിന്റെ അർത്ഥത്തിനും സാമൂഹ്യനീതിക്കും വേണ്ടിയുള്ള അന്വേഷണത്തിന്റെ കഥയും പറയുന്നുണ്ട്.

തീവണ്ടിക്കു മുന്നിൽ ചാടിയുള്ള കഥാനായികയായ അന്നയുടെ ആത്മഹത്യയിലാണ് ഇതിന്റെ ദുരന്ത സമാപ്തി.പിന്നീടുണ്ടായ ടോൾസ്റ്റോയി യുടെ ആത്മീയ പ്രതിസന്ധിയുടെ അവസാനം പഴയതരം കഥകൾ എഴുതുന്നത് നിർത്തിയപ്പോൾ , തനിക്ക് എഴുതാനുണ്ടായിരുന്നതൊക്കെ അന്ന കരേനീനയിൽ എഴുതി എന്നാണ് ടോൾസ്റ്റോയി പറഞ്ഞത്.

അമേരിക്കയിലെ ടൈം മാസിക, അന്ന കരേനീന, യുദ്ധവും സമാധാനവും എന്നിവയെ എക്കാലത്തെയും ഏറ്റവും നല്ല നോവലുകളിൽ യഥാക്രമം ഒന്നാമത്തെതും മൂന്നാമത്തെതുമായി വിലയിരുത്തി. ടോൾസ്റ്റോയിയുടെ പിന്നീടുള്ള രചനകൾ സാധാരണക്കാർക്ക് രുചിക്കുന്ന വിധത്തിലുള്ള ലളിത ശൈലിയിലുള്ളവയാണ്. ഒരു മനുഷ്യന് എത്ര ഭൂമി വേണം എന്ന പ്രസിദ്ധ കഥ ഇതിനുദാഹരണമാണ്.





ഒരു ധർമ്മ പ്രഭാഷകനെന്ന് തോന്നിക്കുന്നതോടൊപ്പം സാഹിത്യഗുണവും നിറഞ്ഞ ഇവാൻ ഇലിച്ചിന്റെ മരണം , ഫാമിലി ഹാപ്പിനെസ് , പോലുള്ള ലഘു നോവലുകളും ഇക്കാലത്ത് രചിച്ചു.

യാതൊരു മികവുമില്ലാതെ ജീവിതം നയിച്ച ഒരു മനുഷ്യൻ മധ്യവയസ്സിൽ രോഗപീഡയിലൂടെ കടന്ന് മരണത്തിൽ ആത്മസാക്ഷാത്കാരം നേടുന്ന കഥയാണ് ഇവാൻ ഇലിച്ചിന്റെ മരണം. ലൈംഗികതയോടുള്ള ടോൾസ്റ്റോയി യുടെ നിലപാട് വ്യക്തമാക്കുന്ന കൃതിയാണ് ദ ക്രൂസ്റ്റർ സൊണാറ്റ. എന്ന നോവൽ. 1901 ൽ പ്രസിദ്ധീകരിച്ച മറ്റൊരു നോവലാണ് ഉയിർത്തെഴുന്നേല്പ് . ക്രിസ്തുമതത്തിന്റെ നിശിതവിമർശനം ഇതിൽ അടങ്ങിയിരിക്കുന്നു. ഈ രണ്ട് കൃതികളും റഷ്യയിൽ നിരോധിക്കപ്പെട്ടു. ഓർത്തഡോക്സ് സഭയിൽ നിന്ന് ടോൾസ്റ്റോയിയുടെ ബഹിഷ്കരണത്തിന് കാരണമായത് ഈ നോവലുകളാണ്.

ക്രൈസ്തവ വിശ്വാസത്തെക്കുറിച്ചുള്ള ടോൾസ്റ്റോയിയുടെ ബോധ്യങ്ങളുടെ ഫലമാണ് ദൈവരാജ്യം നിങ്ങൾക്കുള്ളിലാകുന്നു എന്ന ഗ്രന്ഥം. പുതിയ നിയമത്തിൽ നിന്നാണ് ഈ പേര് തെരഞ്ഞെടുത്തത്.ഇതിലെ അഹിംസയെക്കുറിച്ചുള്ള ടോൾസ്റ്റായിയുടെ ആശയങ്ങൾ മഹാത്മാഗാന്ധി, മാർട്ടിൻ ലൂഥർ കിങ് തുടങ്ങിയവരിൽ ആഴത്തിലുള്ള സ്വാധീനം ചെലുത്തി . ഹെൻറി ജോർജിന്റെ സാമ്പത്തിക തത്ത്വചിന്തയായ ജോർജിസത്തിന്റെ സമർപ്പിത വക്താവായും അദ്ദേഹം മാറി.

അഗാധമായ ധാർമ്മിക പ്രതിസന്ധി നേരിട്ട ടോൾസ്റ്റോയി കൺഫെഷൻ എന്ന നോൺ ഫിക്ഷനും രചിച്ചു. ക്രിസ്തുവിന്റെ ധാർമ്മികതയുടെ വ്യാഖ്യാനം അദ്ദേഹത്തെ ഒരു തീക്ഷ്ണമായ ക്രിസ്ത്യൻ അരാജകവാദിയും സമാധാനവാദിയുമാക്കി മാറ്റി.


1897 ൽ പ്രസിദ്ധീകരിച്ച എന്താണ് കല എന്ന പ്രബന്ധം ടോൾസ്റ്റോയിയുടെ കലാവീക്ഷണത്തിന്റെ സംഗ്രഹമാണ്.

ഇക്കാലത്ത് എഴുതിയതാണെങ്കിലും അദ്ദേഹത്തിന്റെ മരണാനന്തരം വെളിച്ചം കണ്ട അവസാന കൃതിയാണ് ഹദ്ജി മുറാദ് * എന്ന നോവൽ. റഷ്യൻ സാമ്രാജ്യത്തിന് വെല്ലുവിളിയുയർത്തിയ ഒരു ഗോത്ര നേതാവിന്റെ കഥയാണിത്. പുതിയ വിശ്വാസങ്ങൾ ജീവിതത്തിൽ പ്രാവർ ത്തികമാക്കാനുള്ള ശ്രമം കുടുംബത്തിൽ നിന്നും ടോൾസ്റ്റോയിയെ അകറ്റി. എൺപത്തിരണ്ടാമത്തെ വയസ്സിൽ വീട് വിട്ടിറങ്ങിയ അദ്ദേഹം എൺപത് മൈൽ അകലെ അസ്താപ്പോവ് എന്ന സ്ഥലത്തെ ചെറിയ തീവണ്ടി സ്റ്റേഷനിൽ ന്യൂമോണിയ പിടിപെട്ട് , 1910 നവംബർ 20 ന് സ്റ്റേഷൻ മാസ്റ്ററുടെ വീട്ടിലാണ് അന്തരിച്ചത്.

അധികാരശക്തികളുടെ നിലപാടുകളു മായി പൊരുത്തപ്പെടാത്ത ആശയങ്ങൾ പ്രചരിപ്പിച്ചതിന്റെ പേരിൽ മത- രാഷ്ട്ര നേതാക്കളുടെ അപ്രീതിക്ക് പാത്രമാ യെങ്കിലും സാഹിത്യനായകനെന്ന നിലയിലും അതിലുപരി ഒരു ധാർമ്മിക ശക്തിയെന്ന നിലയിലും റഷ്യയ്ക്കകത്തും പുറത്തും ടോൾസ്റ്റോയി അസാമാന്യമായ ശ്രദ്ധ നേടി.

തത്ത്വചിന്ത , ധാർമ്മികത, മതപരമായ വിഷയങ്ങൾ എന്നിവ അദ്ദേഹം തന്റെ രചന കളിൽ പ്രതിഫലിപ്പിച്ചു. ജീവിതകാലത്തും അതിനു ശേഷവും എണ്ണമറ്റ എഴുത്തുകാരിൽ നിന്നും,നിരൂപകരിൽ നിന്നും അദ്ദേഹം പ്രശംസ നേടി.

1903 മുതൽ 1906 വരെ എല്ലാ വർഷവും സാഹിത്യത്തിനുള്ള നോബൽ സമ്മാന ത്തിനും സമാധാനത്തിനുള്ള നോബൽ സമ്മാനത്തിനും ആ മഹാപ്രതിഭയ്ക്ക് നോമിനേഷൻ ലഭിച്ചെങ്കിലും ടോൾസ്റ്റോയി ക്ക് ഒരിക്കലും നോബൽ സമ്മാനം ലഭിക്കാത്തത് നോബൽ സമ്മാനത്തിനു തന്നെ ഒരു കളങ്കമായി ഇന്നും തുടരുന്നു.



August Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
34
World Literature and World Cinema FilmFestival Part-III

# അന്ന കരേനിന : സ്ത്രീയുടെ അസ്തിത്വ ചിന്തയുടെ പ്രതിരൂപം



**വിനോദ്കുമാർ. പി**
(ഫിൽക്ക)




വിശ്വവിഖ്യാത സാഹിത്യകാരൻ ലിയോ ടോൾസ്റ്റോയിയുടെ ക്ലാസ്സിക് കൃതിയാണ് 1877- ൽ പുറത്തിറങ്ങിയ അന്ന കരേനിന. ഈ നോവലിന്റെ ചലച്ചിത്രാവിഷ്കാരമാണ് 2012 ൽ ജോ റൈറ്റിന്റെ സംവിധാനത്തിൽ റിലീസ് ചെയ്തത്.

പത്തൊമ്പതാം നൂറ്റാണ്ടിൽ റഷ്യയിലാണ് കഥ സംഭവിക്കുന്നത്.അന്ന, ഭർത്താവ് കൗണ്ട് അലക്സി കരേനിനും മകൻ സെറിയോഷയ്ക്കുമൊപ്പം സെന്റ് പീറ്റേഴ്സ്ബർഗിലാണ് താമസിക്കുന്നത്. അവളുടെ സഹോദരനായ സ്ത്രീലമ്പടനായ സ്റ്റിവ ഒബ്ലോൺസ്കിയുടെയും ഭാര്യ ഡോളിയുടെയും കുടുംബപ്രശ്നം പരിഹരിക്കാൻ അന്ന മോസ്കോയിലേക്ക് യാത്ര തിരിക്കുന്നു.

ഇതിനിടെ ഒരു ദിവസം, ഗ്രാമീണ ജീവിതം ഇഷ്ടപ്പെടുന്ന ഭൂവുടമസ്ഥനും പ്രഭുവുമായ ലെവിൻ, സ്റ്റിവയെ കാണാനെത്തുന്നു. സ്റ്റിവയുടെ ബന്ധുവും പ്രഭുകുമാരിയുമായ കിറ്റിയെ താൻ സ്നേഹിക്കുന്നുവെന്ന് ലെവിൻ അയാളെ അറിയിക്കുകയും സ്റ്റിവ വിവാഹാഭ്യർത്ഥന നടത്താൻ അയാളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു. തുടർന്ന് ലെവിൻ കിറ്റിയെ നേരിൽ കാണുകയും തന്റെ ഇഷ്ടം അവളെ അറിയിക്കുകയും ചെയ്യുന്നു. എന്നാൽ അയാളെ അവൾ നിരസിക്കുന്നു. ഒരു ധനിക സൈനിക ഉദ്യോഗസ്ഥനായ വ്രോൺസ്കിയെ വിവാഹം കഴിക്കാൻ പോകുന്നുവെന്ന് കിറ്റി ലെവിനെ അറിയിക്കുന്നു.

മോസ്കോയിലേക്കുള്ള ട്രെയിൻ യാത്രയ്ക്കിടെ അന്ന, വ്രോൺസ്കിയെ പരിചയപ്പെടുന്നു.അവർ പരസ്പരം ആകർഷിക്കപ്പെടുന്നു. മോസ്കോയിലെത്തിയ അന്ന, ഡോളിയെ കണ്ട് കാര്യങ്ങൾ ബോധ്യപ്പെടുത്തുകയും സ്റ്റിവയുമായുള്ള പ്രശ്നം പരിഹരിക്കുകയും ചെയ്യുന്നു.



സഹോദരനൊപ്പം ഒരു ഡാൻസ് പാർട്ടിയിൽ വച്ച് അന്ന  വ്രോൺസ്കിയെ വീണ്ടും കാണുന്നു. കിറ്റിയുമായുള്ള നൃത്തച്ചുവടുകൾക്കിടയിൽ പോലും അയാളുടെ ശ്രദ്ധ മുഴുവൻ അന്നയിലേക്കാവുന്നു. ശേഷം അന്നയോടൊപ്പം അയാൾ നൃത്തം ചെയ്യുന്നു. ഇത് കിറ്റിയെ അസ്വസ്ഥയാക്കുന്നു.

വ്രോൺസ്കി അന്നയോട് അയാളുടെ ഇഷ്ടം തുറന്നു പറയുന്നു. അവൾ പോകുന്നിടത്തെല്ലാം താൻ ഉണ്ടായിരിക്കണമെന്ന് പറയുന്നുണ്ടെങ്കിലും അവൾ അത് നിരസിക്കുന്നു. എന്നാൽ സെന്റ് പീറ്റേഴ്സ്ബർഗിൽ തിരിച്ചെത്തിയ അന്ന വീണ്ടും വ്രോൺസ്കിയെ കാണുകയും പ്രണയത്തിലാകുകയും ചെയ്യുന്നു.

അന്നയും വ്രോൺസ്കിയും തമ്മിലുള്ള ബന്ധം കരേനിൻ അറിയുകയും അവൾക്കു മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു. എന്നാൽ വ്രോൺസ്കിയിൽ നിന്നും ഗർഭം ധരിച്ച അന്നയെ അയാൾ ഉപേക്ഷിക്കുന്നു.

കരേനിൻ സ്റ്റീവയെയും ഡോളിയെയും സന്ദർശിച്ച് അന്നയെ വിവാഹമോചനം ചെയ്യുന്നുവെന്ന് പറയുന്നു. അവർ അവളോട് ക്ഷമിക്കണമെന്ന് അപേക്ഷിക്കുന്നു . പക്ഷേ അയാൾ അത് നിരസിക്കുന്നു.ഇതിനിടെ വ്രോൺസ്കിയാൽ ഉപേക്ഷിക്കപ്പെട്ട കിറ്റിയെ ലെവിൻ വീണ്ടും കണ്ടു മുട്ടുന്നു. തന്നോടുള്ള ലെവിന്റെ ആത്മാർത്ഥ സ്നേഹം തിരിച്ചറിഞ്ഞ കിറ്റി അയാളെ പ്രണയിക്കുകയും അവർ തമ്മിൽ വിവാഹം കഴിക്കുകയും ചെയ്യുന്നു.

അകാല പ്രസവവേദനയെ തുടർന്ന് അന്ന അവശനിലയിലാവുന്നു. അവളുടെ കത്ത് വായിച്ച് വിവരങ്ങൾ അറിഞ്ഞ് അന്ന മരിക്കുകയാണെന്ന് വിശ്വസിച്ച് കരേനിൻ അവളെ കാണാനെത്തുന്നു. വ്രോൺസ്കിയോടും അന്നയോടും അയാൾ ക്ഷമിക്കുന്നു. ഒപ്പം അയാൾ അന്നയെയും കുഞ്ഞിനേയും കൊണ്ടു പോകാൻ തയ്യാറാവുന്നു.അതേസമയം ഭർത്താവിനൊപ്പം പോകാൻ തീരുമാനിക്കുന്ന അന്നയുടെ മനസ്സ് മാറ്റി





വ്രോൺസ്കി അവളെയും മകൾ അന്യയേയും ഇറ്റലിയിലേക്ക് കൊണ്ടുപോകുന്നു. മകൻ സെറിയോഷയുടെ ജന്മദിനത്തിന് എത്തുന്ന അന്നയെ കരേനിൻ കണ്ട ഭാവം നടിക്കാത്തത് അവളിൽ വിഷമം ഉണ്ടാക്കുന്നു.

അന്ന,വ്രോൺസ്കിയുടെ വിശ്വസ്തതയിൽ സംശയിക്കാൻ തുടങ്ങുന്നു. അയാളോടൊപ്പം ഒരു ഓപ്പറയിൽ പങ്കെടുക്കവേ അവൾ അപമാനിതയാവുന്നു. സമനില തെറ്റിപ്പോയ അവൾക്ക് ഉറങ്ങാൻ സാധിക്കാതെ വരുന്നു.

ഡോളി അന്നയെ കാണുന്നു. സ്റ്റീവയുടെ പെരുമാറ്റത്തിൽ മാറ്റമില്ലെന്ന് പറയുന്നു. പക്ഷേ അവൾ അവനെ സ്വീകരിക്കാനും സ്നേഹിക്കാനും തുടങ്ങിയിരിക്കുന്നു. കിറ്റിയ്ക്കും ലെവിനും ഒരു കുഞ്ഞു ജനിക്കാൻ പോകുന്നുവെന്ന കാര്യവും ഡോളി അന്നയോട് പറയുന്നു.

വ്രോൺസ്കിയുടെ അമ്മ അയാളുടെ വിവാഹം നടത്താൻ തീരുമാനിക്കുന്നതായി അന്ന മനസ്സിലാക്കുന്നു. പ്രഭുകുമാരി സൊറോക്കിനയുമായി വ്രോൺസ്കിയുമായുള്ള ബന്ധം അന്നയെ അസ്വസ്ഥയാക്കുന്നു.

തുടർന്ന് അന്ന വ്രോൺസ്കിയുടെ എസ്റ്റേറ്റിലേക്ക് മടങ്ങുന്നു. ട്രെയിനിൽ യാത്ര ചെയ്യവേ, വ്രോൺസ്കിയും പ്രഭുകുമാരി സൊറോക്കിനയും തമ്മിൽ പ്രണയത്തിലാകുന്നതായും അവളെ നോക്കി അവർ ചിരിക്കുന്നതായും അന്നക്ക് തോന്നുന്നു.കടുത്ത നിരാശയും വിഷമവും അവളെ മൂടുന്നു.ട്രെയിൻ മോസ്കോയിൽ എത്തുന്നു.ഓ ദൈവമേ. എന്നോട് ക്ഷമിക്കൂ എന്ന് പറഞ്ഞു കൊണ്ട് അന്ന ഒരു ട്രെയിനിന്റെ മുന്നിൽ ചാടി ആത്മഹത്യ ചെയ്യുന്നു. ഞെട്ടിപ്പോയ വ്രോൺസ്കിയിലേക്ക് രംഗം ഒരു നിമിഷം മിന്നിമറയുന്നു.

ലെവിൻ ജോലി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുമ്പോൾ കിറ്റി കുട്ടിയെ കുളിപ്പിക്കുന്ന രംഗത്തോടെയും സ്റ്റീവയും കുടുംബവും ലെവിനും കിറ്റിക്കുമൊപ്പം ഭക്ഷണം കഴിക്കുന്ന രംഗത്തോടെയും കരേനിൻ അയാളുടെ എസ്റ്റേറ്റിൽ സെറിയോഷയും അന്യയും കളിക്കുന്നത് കാണുന്ന രംഗത്തോടെയും സിനിമ അവസാനിക്കുന്നു.

അന്താരാഷ്ട്രതലത്തിൽ പ്രദർശിപ്പിച്ച് ഏകദേശം 69 മില്യൺ ഡോളറിലധികം നേടിയ അന്ന കരേനിന ടൊറന്റോ ഫിലിം ഫെസ്റ്റിവലിലും നല്ല അഭിപ്രായം നേടി. ഒറ്റ നോട്ടത്തിൽ ഒരു നെഗറ്റീവ് ഷെയ്ഡ്



ഉള്ള കഥാപാത്രമായി അന്ന കരേനിനയെ തോന്നുമെങ്കിലും ടോൾസ്റ്റോയ് അവൾ അനുഭവിക്കുന്ന മാനസിക സംഘർഷം നോവലിൽ സങ്കീർണതയോടെ അവതരിപ്പിച്ചിട്ടുണ്ട്.

വളരെ ചെറിയ പ്രായത്തിൽ തന്നെക്കാൾ വളരെ പ്രായക്കൂടുതലുള്ള സന്ന്യാസി തുല്യനായ അലക്സി കരേനീനുമായുള്ള അന്നയുടെ വിവാഹം അന്നയ്ക്ക് ഒരു സംതൃപ്ത ദാമ്പത്യമല്ലായിരുന്നു. ഒരുതരം അടിമത്തത്തിൽ നിന്നും മോചിതയാവാനും സ്ത്രീയുടെ വ്യക്തിത്വവും അസ്തിത്വവും സ്ഥാപിക്കാനുമാണ് അന്ന ശ്രമിക്കുന്നത് . സാമൂഹിക വ്യവസ്ഥിതിയിലെ അസമത്വവും അടിച്ചമർത്തലുകളും അന്ന നിഷേധിക്കുന്നു. സ്വന്തമായൊരു ജീവിതം കെട്ടിപ്പടുക്കാൻ ധൈര്യപ്പെടുന്നു. അവളുടെ ഇഷ്ടങ്ങൾ നിറവേറ്റിയപ്പോഴാവട്ടെ അത് സമൂഹത്തിൽ ഭ്രഷ്ട് കല്പ്പിക്കുന്നവയുമായി. പഴയ ചട്ടക്കൂടിന്റെ അവസ്ഥയിൽ നിന്നും പുതിയ അവസ്ഥയിലേക്കുള്ള മാറ്റം സ്ത്രീയുടെ ജീവിതത്തെ സങ്കീർണമാക്കുന്നു. ആ ദുസ്ഥിതിയിൽ അവൾ ആത്മഹത്യ ചെയ്യുന്നു.

ഫെമിനിസവും സ്ത്രീവിമോചനവും ആധുനിക ലോകത്ത് രൂപപ്പെടും മുമ്പേ ടോൾസ്റ്റോയിയുടെ അന്ന ഉയർന്നുവന്നത് സാറിസ്റ്റ് റഷ്യയിലെ സാമൂഹിക സാംസ്കാരിക മാറ്റത്തിന്റെ പ്രതിരൂപമാകാം. അന്ന മരിക്കുന്നില്ല. വായനക്കാരന്റെ മനസ്സിൽ എന്നും ചോദ്യങ്ങളുമായി അവൾ ജീവിച്ചുകൊണ്ടിരിക്കുകയാണ്...



August Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
38
World Literature and World Cinema FilmFestival Part-III

# അന്ന കരേനീന: ജോ റൈറ്റ് എന്ന സംവിധായകൻ



പി.എസ്.ജ്യോതിഷ് കുമാർ
(ഫിൽക്ക)



പ്രൈഡ് & പ്രെജുഡിസ് (2005), അറ്റോൺമെന്റ് (2007), അന്ന കരീനിന (2012), സിറാനോ (2021), ആക്ഷൻ ത്രില്ലർ ഹന്ന (2011), പാൻ (2015), ഡാർക്കസ്റ്റ് അവർ (2017) എന്നിവ സംവിധാനം ചെയ്ത ബ്രിട്ടീഷ് ചലച്ചിത്ര സംവിധായകനാണ് 1972- ൽ ജനിച്ച ജോസഫ് റൈറ്റ് അഥവാ ജോ റൈറ്റ്.

ചിത്രകല ഉൾപ്പെടെയുള്ള കലകളിൽ അദ്ദേഹത്തിന് താൽപ്പര്യമുണ്ടായിരുന്നു. തൻറെ മാതാപിതാക്കളുടെ പാവനാടക വേദിയായ, ഇസ്ലിംഗ്ടണിലെ ലിറ്റിൽ ഏഞ്ചൽ തിയേറ്ററിൽ ജോലി ചെയ്താണ് അദ്ദേഹം തന്റെ കരിയർ ആരംഭിച്ചത്.

ലണ്ടനിലെ സെന്റ് മാർട്ടിൻസ് ആർട്ട് സ്കൂളിൽ ഒരു ചലച്ചിത്ര നിർമ്മാതാവായി പരിശീലനം നേടി. 1990-കളിൽ, കിംഗ്സ് ക്രോസിലെ കാലിഡോണിയൻ റോഡിൽ പ്രവർത്തിക്കുന്ന ഒരു മ്യൂസിക് വീഡിയോ പ്രൊഡക്ഷൻ കമ്പനിയായ ഓയിൽ ഫാക്ടറിയിൽ അദ്ദേഹം ജോലി ചെയ്തു. കാസ്റ്റിംഗ് ഡയറക്ടർ ഉൾപ്പെടെ നിരവധി വേഷങ്ങളിൽ അദ്ദേഹം വൈവിധ്യമാർന്ന പ്രൊഡക്ഷനുകളിൽ പ്രവർത്തിച്ചു.

തിമോത്തി സ്പാലിനൊപ്പം ബോഡിലി ഹാം (2002) എന്ന സീരിയലും മികച്ച നാടക സീരിയലിനുള്ള ബാഫ്റ്റ അവാർഡ് നേടിയ റൂഫസ് സെവെല്ലിനൊപ്പം വളരെ യധികം പ്രശംസ നേടിയ ചാൾസ് II: ദി പവർ ആൻഡ് ദി പാഷൻ (2003) എന്ന സീരിയലും പുറത്തിറക്കി.

കെയ്‌റ നൈറ്റ്‌ലിയും മാത്യു മക്ഫാഡിയനും അഭിനയിച്ച പ്രൈഡ് & പ്രെജുഡീസിന്റെ നിരൂപക പ്രശംസ നേടിയ പാഠഭേദത്തി ലൂടെ 2005- ൽ ജോ റൈറ്റ് ഫീച്ചർ ഫിലിമുകളിലേക്ക് മാറി.

മികച്ച നടി ഉൾപ്പെടെ നാല് അക്കാദമി അവാർഡ് നോമിനേഷനുകളും ആറ് ബാഫ്റ്റ നോമിനേഷനുകളും നിരവധി അംഗീകാരങ്ങളും നോമിനേഷനുകളും അവാർഡുകളും പ്രൈഡ് ആൻഡ് പ്രെജുഡിസ് ന് ലഭിച്ചു.ഇയാൻ മക്ഇവാന്റെ ബുക്കർ പ്രൈസ് - ഷോർട്ട്‌ലിസ്റ്റ് ചെയ്ത നോവലായ അറ്റോൺമെന്റ് (2007) ന്റെ ചലച്ചിത്രാവിഷ്കാരമായിരുന്നു റൈറ്റിന്റെ



അടുത്ത ഫീച്ചർ ചിത്രം. ഏഴ് അക്കാദമി അവാർഡ് നോമിനേഷനുകളും മികച്ച ഒറിജിനൽ സ്കോറിനുള്ള അവാർഡുകളും ഈ ചിത്രത്തിന് ലഭിച്ചു.

സ്കീസോഫ്രീനിയ ബാധിച്ച് ലോസ് ഏഞ്ചൽസിലെ ഠൗണിലെ തെരുവുകളിൽ വീടില്ലാതെ അവസാനിച്ച സംഗീത പ്രതിഭ, നഥാനിയേൽ അയേഴ്സിന്റെ യഥാർത്ഥ കഥയെക്കുറിച്ചുള്ള ദി സോളോയിസ്റ്റ് ആയിരുന്നു റൈറ്റിന്റെ അടുത്ത ചിത്രം. സിഐഎയിലെ തെമ്മാടിയായ പിതാവി നാൽ (എറിക് ബാന) ഒരു കൊലയാളിയാ കാൻ ജനനം മുതൽ പരിശീലനം നേടിയ 15 വയസ്സുള്ള ഒരു പെൺകുട്ടിയുടെ കഥ യാണ് റൈറ്റ് സംവിധാനം ചെയ്ത, 2011-ലെ ആക്ഷൻ ത്രില്ലർ ചിത്രമായ ഹന്ന . വിശ്വ പ്രസിദ്ധ റഷ്യൻ എഴുത്തുകാര നായ ലിയോ ടോൾസ്റ്റോയ് 1878- ൽ എഴുതിയ നോവലാണ് അന്ന കരേനിന. വിശ്വാസം , കുടുംബം, വിവാഹം, സാമ്രാജ്യത്വ റഷ്യൻ സമൂഹം, ആഗ്രഹം, ഗ്രാമീണ, നഗര ജീവിതം തമ്മിലുള്ള വ്യത്യാസങ്ങൾ, സ്ത്രീയുടെ അസ്തിത്വം, മൗലിക സ്വാതന്ത്ര്യം എന്നീ വിഷയങ്ങളാണ് ഈ നോവൽ കൈകാര്യം ചെയ്യുന്നത്. 2012-ലാണ് ലിയോ ടോൾസ്റ്റോയിയുടെ ക്ലാസിക് നോവലായ അന്ന കരെനീന ആസ്പദ മാക്കിയുള്ള ,സർ ടോം സ്റ്റോപ്പാർഡിന്റെ തിരക്കഥാരൂപം റൈറ്റ് സംവിധാനം ചെയ്തത്.

തുടർന്ന് വാർണർ ബ്രദേഴ്സിനു വേണ്ടി 2015- ൽ പീറ്റർ പാനിന്റെ പ്രീക്വൽ സംവിധാനം ചെയ്തു. 2017- ൽ പുറത്തിറങ്ങിയ ഡാർക്കസ്റ്റ് അവർ മുൻ ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചി ലിന്റെ ജീവിതത്തിലെ ഒരു നിർണായക മാസത്തെയാണ് ചിത്രീകരിക്കുന്നത്.



**ഇറ്റാലിയൻ സ്വേച്ഛാധിപതി ബെനിറ്റോ മുസ്സോളിനിയുടെ ഉദയത്തെ വിവരിക്കുന്ന അന്റോണിയോ സ്കുറാറ്റിയുടെ ഒരു ചരിത്ര നോവലായ എം: സൺ ഓഫ് ദി സെഞ്ചുറി എന്ന ബെസ്റ്റ് സെല്ലർ നോവലിന്റെ എട്ട് ഭാഗങ്ങളുള്ള ഒരു പാഠഭേദം - മുസ്സോളിനി: സൺ ഓഫ് ദി സെഞ്ചുറി - റൈറ്റ് സംവിധാനം ചെയ്ത് 2024 സെപ്റ്റംബർ 5- ന് 81-ാമത് വെനീസ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിച്ചു.**

**ക്രോക്കഡൈൽ സ്നാപ (1997), ദ എൻഡ്** (1998), കൊക്കോ മെയ്ഡ്മോയ്സെല്ലി: ചാനൽ (2014), പ്രിൻസസ് & പെപ്പർനോസ് (2021) എന്നിവയാണ് ജോ റൈറ്റ് സംവിധാനം ചെയ്ത ഷോർട്ട് ഫിലിമുകൾ.

അറ്റോൺമെന്റ് ലൂടെ 2007-ൽ, വെനീസ് ചലച്ചിത്രമേളയിൽ ഒരു ചിത്രം പ്രദർശിപ്പിക്കുന്ന ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ സംവിധായകനായി അദ്ദേഹം.

മികച്ച ചിത്രത്തിനുള്ള ഓസ്കാർ നാമനിർദ്ദേശം ചെയ്യപ്പെട്ട രണ്ട് ചിത്രങ്ങൾ അദ്ദേഹം സംവിധാനം ചെയ്തിട്ടുണ്ട്. അറ്റോൺമെന്റ് (2007), ഡാർക്കസ്റ്റ് അവർ (2017) എന്നിവ.പിരിമുറുക്കവും വികാരവും പ്രകടിപ്പിക്കുന്നതിനായി കഥാപാത്രങ്ങളുടെ കൈകളുടെ ഷോട്ടുകൾ, വ്യത്യസ്ത ടോണുകളുള്ള ക്രമീകരണങ്ങൾ, നിരവധി ഇവന്റുകൾ പ്രദർശിപ്പിക്കുന്ന വളരെ ദൈർഘ്യമേറിയതും സങ്കീർണ്ണവുമായ ട്രാക്കിംഗ് ഷോട്ടുകൾ എന്നിവയാണ് ജോ റൈറ്റിന്റെ ചലച്ചിത്രങ്ങളുടെ പ്രത്യേകതകൾ.

ചാൾസ് II: ദി പവർ ആൻഡ് ദി പാഷൻ , പ്രൈഡ് & പ്രിജുഡീസ്, അറ്റോൺമെന്റ്, ഹന്ന എന്നിവയിലെല്ലാം നീണ്ട ട്രാക്കിംഗ് ഷോട്ടുകളുണ്ട്.യുകെയിലെ റേവ് രംഗത്തെ സൗന്ദര്യശാസ്ത്രവും വികാരങ്ങളും അദ്ദേഹത്തിന്റെ കൃതികളിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. 10 **Directors to watch** ആയി 2006- ൽ അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു.

അമേരിക്കൻ ഗായികയും ഗാനരചയിതാവുമായ നോറ ജോൺസിന്റെ അർദ്ധ സഹോദരൻ ആണ് ജോ റൈറ്റ്. വിശ്രുത സിത്താർ മാന്ത്രികൻ പണ്ഡിറ്റ് രവിശങ്കറിൻറെ മകൾ അനൌഷ്ക ശങ്കർ ജോ റൈറ്റിന്റെ ഭാര്യ ആയിരുന്നു.



August Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature and World Cinema FilmFestival Part-III



























August Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature and World Cinema FilmFestival Part-III





കവിത

# അന്ന കരേനീന: ജീവിക്കുന്ന രക്തസാക്ഷി

**രാജാംബിക**
(അസോസിയേറ്റ് എഡിറ്റർ,
ഫിൽക്ക മാഗസിൻ)

അസമത്വത്തിൻ രക്തസാക്ഷി,
സ്ത്രീ സ്വാതന്ത്ര്യത്തിൻ
ആത്മസംഘർഷ പർവ്വമേറെ
താണ്ടിയവൾ.

മതിലുകൾക്കുള്ളിലെ
കൂച്ചുവിലങ്ങണിഞ്ഞ
പെൺമാനസങ്ങളെ
ബന്ധനമുക്തയാക്കുവാൻ
ഭൂതകാലത്തിന്റെ ശിശിര നിദ്രയിൽ
മഞ്ഞുപാളികൾ ചാർത്തിയ വിലങ്ങുകൾ
ഭേദിച്ച് വസന്തകാലവിഹായസ്സിൽ
പതംഗമായവൾ

ഹൃദയകൽപ്പനയിലഭിരമിക്കുവാൻ,
നിരാകരിക്കുന്നു പുരുഷാധിപത്യ
നീതിനിയമങ്ങൾ കാറ്റിൽ പറക്കട്ടെ.

ലിംഗനീതിസമത്വം ജലരേഖകൾ,
സാമ്രാജ്യത്വ പരിഷ്കൃത സമൂഹം
വിധിയ്ക്കും ഭ്രഷ്ട്,
പ്രവാസജീവിത കനൽത്താരകൾ.

താണ്ടാനുണ്ടിനിയുമേറെ കടമ്പകൾ...
കനൽക്കാടു കടക്കുന്ന യാതനയ്ക്കിടയിലും
പുതിയ പുലരിയെ നേടാൻ ശ്രമിക്കുന്നു,
സാംസ്കാരിക മാറ്റത്തിൻ ശംഖൊലിയായ്.

സ്ത്രീയുടെ അസ്തിത്വചിന്തയുടെ
നേർക്കാഴ്ചയവൾ,
ദൃഢനിശ്ചയത്തിൻ മൂർത്തിമദ്ഭാവം.
പഴയ ചട്ടങ്ങളെത്തള്ളി,
ജീവിതം തിരികെപിടിക്കുവാൻ
പ്രതിരൂപമായവൾ...

പുലരിയിലെ നേർത്ത കോടമഞ്ഞിന്നിടയിൽ
തീവണ്ടിപ്പുകച്ചുരുൾ ചിത്രങ്ങൾ
തീർക്കവെ,
ശ്യാമ സരസ്സിൻ കയങ്ങളിൽ
പരിലസിക്കുമൊരു വെള്ളാമ്പൽപൂവ്.

ലിംഗഭേദങ്ങളാൽ അജയ്യരായി
തീരുവാൻ അവഹേളനമേറെ ചൊരിയുന്ന
അസന്തുഷ്ട കുടുംബചിത്രങ്ങൾ
അസന്തുഷ്ടമാകുന്നു വ്യത്യസ്തതകളാൽ
സന്തുഷ്ട കുടുംബചിത്രങ്ങളും
തെളിയുന്നു ഒരേ ഭാവത്താൽ.

കഠിനശ്രമങ്ങൾക്കിടയിലും നോവിൻെറ
ജീർണ്ണതയിൽ
ചോരയും നീരും പുരണ്ട ചങ്ങലക്കണ്ണികൾ
ഉള്ളുലച്ചിലിനിടയിലും ഒഴുക്കിനെതിരെ
നീന്താൻ ഒരു പാഴ്ശ്രമം.

പുത്രനെയൊരുനോക്കു കാണാൻ
മനം തുടിക്കവെ, എങ്ങും
അവകാശനിഷേധങ്ങൾ...
സങ്കീർണ്ണതയുടെ പടവുകളിൽ
കാലിലെക്കെട്ടുകൾ പോരുമുറുക്കവേ..

പ്രണയവല്ലി നീളുന്നു വസന്തത്തെ
പുൽകാൻ ,
ഉള്ളിലെ ചിമിഴിൽ ജീവൻ തുടിക്കുന്നു
കരേനീന കുടുംബത്തിൻ ആത്മാഭിമാനം
ആകാശജാലകച്ചില്ലിൽത്തട്ടി നിലംപതിക്കേ...
വ്യവസ്ഥകൾ, മൗലിക സ്വാതന്ത്ര്യ
ധ്വംസനങ്ങൾ...

ആക്ഷേപശരങ്ങളുടെ മുനയൊടിഞ്ഞീടുന്നു
കരളുറപ്പിൻെറ കരിമ്പാറക്കെട്ടിൽ.
അരയന്നമിഴികളഗ്നധാളിച്ചില്ല
സൂചിമിഴിത്തുമ്പിൽ തെളിഞ്ഞത്
നിശ്ചയദാർഢ്യം.
പ്രത്യാശാകിരണം കരളിൽ തഴുകും
ചെറുതൂവലായി പിന്നെയും .

പിൻവിളികൾ തടഞ്ഞില്ല
അനാഥത്വമുറങ്ങുന്ന തെരുവിലേക്കന്ന
നടനടന്നു.
പിന്നെയും രക്ഷയുടെ ഭൂമികയിൽ
വിള്ളലു വീഴുന്നു
ഗ്രീഷ്മത്തിലെ ശരത് ശലഭം തളരുന്നു...

ബോധമണ്ഡലത്തിൽ ഉൽക്കകൾ
നിപതിച്ചുവോ
വിവേകത്തെയവിവേകം കീഴ്പ്പെടുത്തിയോ
ഉത്തുംഗ ശക്തിയുറവകൾ വറ്റിയോ

കനവുകളെല്ലാം ചുടുകാറ്റിൽ
കരിഞ്ഞുവോ...

നിലനിൽക്കുമൊരു അസ്വസ്ഥ
വ്യവസ്ഥിതിയുടെ സോപാനത്തിൽ നിന്ന് ,
മൗലിക സ്വാതന്ത്ര്യത്തിന്റെ വനികയിൽ
കാലിടറി വീഴുന്നു
ആദാമിന്റെ വാരിയെല്ലിൻ അസ്തിത്വ
വ്യഥകൾ.

ഒറ്റപ്പെടലിൻ നീറ്റലിൽ ഉഴലുമ്പോൾ,
വിശ്വാസം സംശയമുനയിൽ, മുന്നിൽ
നിഴലുകൾ, ഉല്ലസിക്കുന്നുവോ...

കർമ്മകാണ്ഡത്തിലെ
ഉള്ളുരുക്കങ്ങളാൽ
വിവശയായി,
ദുഃസ്ഥിതിയിൽ രക്ഷതേടി,
ചുട്ടുപഴുത്തൊരാ സമാന്തര രേഖയിൽ
ചൂളം വിളിയ്ക്കുമുന്നിൽ
നിമിഷങ്ങളെണ്ണി,
മരണത്തെ പുൽകിയവൾ
തൊഴുകയ്യുമായി...

അന്നമാർ ഇനിയും മരിക്കുന്നില്ല,
ഉയരുന്നു
മാറ്റത്തിൻ കാഹളങ്ങൾക്കായി
കാതോർത്ത്, ചോദ്യശരങ്ങളുമായി...

August Film Festival
ഫിലിം വിഷൻ
Digital Magazine Published by Filca Film Society
World Literature and World Cinema FilmFestival Part-III



(പ്രതികരണം)

# വിശ്വ സാഹിത്യകൃതികളെ അവലംബിച്ച് നിർമ്മിക്കപ്പെട്ട ചലച്ചിത്രങ്ങളുടെ മേള (രണ്ടാം ഭാഗം)

ജോൺ തോമസ്
(ഫിൽക്ക)

ഫിൽക്ക ഫിലിം സൊസൈറ്റിയുടെ ഇരുപത്തിയഞ്ചാം വാർഷികത്തോടനുബന്ധിച്ച് നടത്തിവരുന്ന വിശ്വപ്രസിദ്ധ സാഹിത്യകൃതികളെ അവലംബിച്ച് നിർമിക്കപ്പെട്ട ഇരുപത്തിയഞ്ച് ക്ലാസിക് സിനിമകളുടെ പ്രദർശന പരമ്പരയിലെ രണ്ടാം ഭാഗമാണ് ഫിലിം സൊസൈറ്റിയുടെ ജൂലൈ മാസ പരിപാടിയായി നടന്നത്.

തിരുവനന്തപുരം ഗവൺമെൻറ് വിമൻസ് കോളജിൽ വച്ച് കോളജ് ഫിലിം ക്ലബ്ബിന്റെയും കോളജ് യൂണിയന്റെയും സഹകരണത്തോടെ ജൂലൈ 31ന് നടന്ന ചലച്ചിത്രമേളയിൽ മൂന്ന് സിനിമകളാണ് പ്രദർശിപ്പിച്ചത്.

മേളയുടെ രണ്ടാം ഭാഗ അവതരണം കോളജ് പ്രിൻസിപ്പൽ ഡോ. ഉമാ ജ്യോതിയാണ് നിർവഹിച്ചത്. ഇത്തരമൊരു മേളയുടെ പ്രാധാന്യത്തെപ്പറ്റിയും ഇപ്രകാരമുള്ള മേളകളിൽ പ്രദർശിപ്പിക്കപ്പെടുന്ന സിനിമകൾ വിദ്യാർത്ഥികൾ കാണുന്നതു മൂലം അവർക്കുണ്ടാകുന്ന നേട്ടത്തെക്കുറിച്ചും പ്രിൻസിപ്പൽ സൂചിപ്പിച്ചു.

നോവലിസ്റ്റ് - ചലച്ചിത്ര നിരൂപകൻ സാബു ശങ്കർ മേളയിൽ അവതരിപ്പിച്ച ത്രോൺ ഓഫ് ബ്ലഡ് - സംവിധാനം അകിര കുറോ സവ - ജപ്പാൻ (മാക്ബത്ത് / ഷേക്സ് പീയർ ), കരമസോവ് സഹോദരർ - സംവിധാനം റിച്ചാർഡ് ബ്രൂക്ക്സ് - അമേരിക്ക (ദസ്തയേവ്സ്കി) , ഡോൺ കിക് സോട്ട് - സംവിധാനം ഗ്രിഗറി



കോസിന്റ് സേവ് - റഷ്യ ( മിഖായിൽ സെർവാന്റസ് ) എന്നീ മൂന്ന് കൃതികളെ കുറിച്ചും സിനിമകളെ കുറിച്ചും വിശദീകരിച്ച് സംസാരിച്ചു.

സിനി പാരഡൈസ് ഫിലിം ക്ലബ് കോ-ഓർഡിനേറ്റർ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ആശാ ജീവൻ സത്യൻ ആശംസകൾ അർപ്പിച്ചു. പുതുതലമുറ വിദ്യാർഥികൾക്ക് തങ്ങളുടെ പ്രിയ താരങ്ങൾ അഭിനയിക്കുന്ന ഏറ്റവും പുതിയ മലയാള ചിത്രങ്ങളിലാണ് കമ്പം എന്ന് സൂചിപ്പിച്ചു. ക്ളാസിക്ക് ചിത്രങ്ങൾ കാണേണ്ടതിന്റെ ആവശ്യകത ഡോ. ആശ എടുത്തുപറഞ്ഞു.

ഫാരിസ് ഓദേ കോളജ് യൂണിയൻ ചെയർപേഴ്സൺ ഫിദ. എ. ഫാത്തിമ നന്ദി അറിയിച്ചു. തങ്ങൾക്ക് ഫിലിം സ്റ്റഡീസ് പാഠ്യഭാഗമായി ഉണ്ടായിരുന്ന ചലച്ചിത്രം അകിരാ കുറോസോവയുടെ ത്രോൺ ഓഫ്ബ്ളഡ്, സിനിമ കാണാതെ തന്നെ പരീക്ഷ എഴുതേണ്ടി വന്നതിനെക്കുറിച്ച് പരാമർശിച്ചു. പരീക്ഷയ്ക്ക് മുൻപായിരുന്നു ഈ മേള നടന്നിരുന്നതെങ്കിൽ അത് തന്നെ പോലെയുള്ളവർക്ക് സഹായമാകുമായിരുന്നു എന്ന് ഫിദ പരാമർശിച്ചു.

മേളയിൽ ആദ്യമായി അവതരിപ്പിച്ച സിനിമ വിഖ്യാത ഷേക്സ്പിയർ ദുരന്ത നാടക കൃതി മാക്ബത്തിനെ ആസ്പദമാക്കി ജാപ്പനീസ് സംവിധായകൻ അകിരാ കുറോസോവ നിർമ്മിച്ച ത്രോൺ ഓഫ് ബ്ളഡ് ആയിരുന്നു. സ്കോട്ട് ലൻഡിൽ സൈന്യാധിപൻ ആയിരുന്ന മാക്ബത്ത് തനിക്ക് നേരിട്ട് അർഹതയില്ലാത്ത രാജപദവി ദുർമന്ത്രവാദികളുടെ വാക്കുകളിലും ഭാര്യയുടെ അതിമോഹത്തിന്റെയും പ്രചോദനം ഉൾക്കൊണ്ട് കുടിലതന്ത്രങ്ങളിലൂടെ രാജാവിനെ വധിച്ച് നേടിയെടുക്കുന്നതും തുടർന്ന് അയാൾ വ്യക്തിജീവിതത്തിൽ നേരിടുന്ന ദുരന്തങ്ങളും മരണവും ആണ് ഷേക്സ്പിയർ നാടകത്തിന്റെ പ്രമേയം.

ഇക്കഥയെ പഴയകാല ജാപ്പനീസ് ചരിത്രത്തിലെ ഒരു പ്രവിശ്യയുടെ രാജാവിന്റെ പടയാളികളിൽ ഒരാളായ വസിഷു കവർച്ച സംഘത്തെ ധീരോചിതമായി ഉച്ചാടനം ചെയ്തു തിരിച്ചെത്തുമ്പോൾ ചിലന്തി വനത്തിൽ വച്ച് കേട്ട മന്ത്രവാദിയുടെ വാക്കുകളും ഭാര്യയുടെ പ്രേരണയും കണക്കിലെടുത്ത് രാജാവിനെ വധിച്ച്





തനിക്ക് അർഹതയില്ലാത്ത രാജപദവി കുൽസിത മാർഗത്തിലൂടെ കൈക്കലാക്കുന്നതും അനർഹമായി ആ സ്ഥാനത്തെത്തിയ അയാളുടെ ജീവിതം ദുരന്തപൂർണ്ണമാകുന്നതും മരണം നേരിടുന്നതുമാണ് കുറോസോവ സിനിമയുടെ കഥാതന്തു. കുറോസോവ എന്ന പ്രതിഭാശാലി ഇതിനെ തികച്ചും മധ്യകാല ജപ്പാനിൽ നടക്കുന്ന സംഭവമായി മാറ്റിയെടുക്കുന്നതിൽ വിജയിച്ചതായി കാണാം.

മക്കളില്ലാതിരുന്ന വസിഷുവിന്റെ ഭാര്യ താൻ ഗർഭിണിയാണെന്നും അതിനാൽ വസിഷു രാജപദവിയിൽ എത്തിയാൽ





അതിന്റെ പ്രയോജനം ജനിക്കാനിരിക്കുന്ന തങ്ങളുടെ മകന് ലഭിക്കുമെന്നുമൊക്കെ കൊടുക്കുന്ന ദുഷ്പ്രേരണ താനർഹിക്കുന്ന സ്ഥാനങ്ങൾ മാത്രം മതിയെന്ന് വിശ്വസിച്ച വസിഷുവിന്റെ മനസ്സ് മാറ്റിയെടുക്കുന്നത്, സിനിമയിലെ ശബ്ദ വിന്യാസം, ഛായാഗ്രഹണം തുടങ്ങി തോഷിറോ മിഫൂൺ ഉൾപ്പെടെയുള്ളവരുടെ അഭിനയം അടക്കം എല്ലാത്തിലും ഒരു മാസ്റ്റർ ഫിലിം മേക്കറുടെ കരസ്പർശം കാണാവുന്ന സിനിമയാണ് ത്രോൺ ഓഫ് ബ്ളഡ്.

ദിക്കറിയാതെ ചിലന്തിവനത്തിൽ നടത്തുന്ന ചുറ്റിക്കറങ്ങലും, അവസാനം വനം കൊട്ടാരത്തിനടുത്തേക്ക് വരുന്ന ഒരു കുറ്റവാളിയുടെ മതിഭ്രമം ബാധിച്ച മനസ്സിന്റെ ഉടമയായി വസിഷു മാറുന്നതിന്റെ ആവിഷ്കാരവും അന്ത്യത്തിൽ കവചം തീർക്കുന്ന തരത്തിൽ ഒളിയമ്പുകൾ ഏറ്റുള്ള മരണവും എല്ലാം ഈ ചിത്രത്തെ മഹത്തരമാക്കുന്നു. അനർഹമായ സ്ഥാനത്ത് കുറുക്കുവഴികളിലൂടെയും ഹീന മാർഗത്തിലൂടെയും എത്താൻ നടത്തുന്ന ശ്രമങ്ങൾ ദുരന്ത പര്യവസായി ആകുമെന്ന കാവ്യനീതിയുടെ തത്വം നമുക്ക് മനസ്സിലാക്കി തരുന്നു ഈ സിനിമ.

ഹൃദയത്തിൽ ദൈവത്തിന്റെ കയ്യൊപ്പുള്ള എഴുത്തുകാരൻ എന്ന് വിശേഷിപ്പിക്കപ്പെട്ട ദസ്തയേവ്സ്കിയുടെ കരമസോവ് സഹോദരന്മാർ എന്ന വിശ്രുത നോവലിനെ അധികരിച്ച് തയ്യാറാക്കപ്പെട്ട ഹോളിവുഡ് സിനിമയാണ് അടുത്തതായി പ്രദർശിപ്പിക്കപ്പെട്ടത്.

വിഷയാസക്തനും സുഖലോലുപനുമായ റഷ്യൻ പ്രഭു പാവ്ലോവിച്ച് കരമസോവും അയാളുടെ വ്യത്യസ്ത സ്വഭാവങ്ങൾ ഉള്ള മൂന്ന് മക്കളെയും ഒരു ജാര സന്തതിയെയും കേന്ദ്രീകരിച്ചുള്ള പ്രശസ്ത






നോവലാണ് കരമസോവ് സഹോദരന്മാർ. വിശ്വാസം, യുക്തിചിന്ത, നിരീശ്വരവാദം, പ്രതികാരം, പ്രായശ്ചിത്തം, പ്രത്യുപകാരം, അനുകമ്പ എന്നിങ്ങനെ മാനുഷികമായ സർവ്വഭാവങ്ങളും കലാപരമായി ഇതൾ വിടർത്തുന്ന കൃതിയാണിത്. ഈ കൃതിയെ ആസ്പദമാക്കി യൂൾ ബ്രിന്നറെപ്പോലെ പോലെ ഒരു നടൻ പിതൃ ശാസന കളെയും അധികാരത്തെയും ചോദ്യം ചെയ്യുന്ന മൂത്തമകൻ ദിമിത്രിയായി എത്തുന്ന, പതിവ് ഹോളിവുഡ് ശൈലി ഏതാണ്ട് വിട്ടുമാറാത്ത ഈ സിനിമ നോവൽ വായിച്ചിട്ടില്ലാത്തവർക്ക് കഥാതന്തുവിനെ കുറിച്ച് ഏകദേശ ധാരണ നൽകുന്നു. നോവൽ വായിച്ചവരെ സംബന്ധിച്ച് തീയേറ്റർ വിട്ടു കഴിഞ്ഞാൽ സിനിമയ്ക്ക് ഉപരിയായി നോവൽ ഓർമ്മിക്കപ്പെടുന്ന അനുഭവ മായിരിക്കും ഉണ്ടാവുക.

സാർ ചക്രവർത്തിയുടെ സാമ്രാജ്യത്വ റഷ്യ യുടെ പശ്ചാത്തലത്തിൽ,രാഷ്ട്രീയ സാഹചര്യങ്ങൾ സങ്കീർണ്ണമായ സമൂഹത്തിൽ,കരമസോവ് എന്ന ശിഥില കുടുംബത്തിലൂടെ, ക്രിസ്തീയ രക്ഷയുടെ സാദ്ധ്യത തേടുകയാണ് ദോസ്തയേവ്സ് കി. സുഖലോലുപനും മദ്യപാനിയുമായ പിതാവ് ഫിയദോർ. മൂന്ന് ആൺമക്കൾ. വാല്യക്കാരിയിൽ ജനിച്ച മറ്റൊരു മകനും.സൈനിക ക്യാപ്റ്റനും ആഡംബരപ്രിയനായ ദിമിത്രി. ആത്മാവിന്റെ രക്ഷയിൽ വിശ്വസിക്കുന്ന വൈദീകനായ അലോഷ്യ. സ്വതന്ത്ര ചിന്തകനും എഴുത്തുകാരനുമായ ഇവാൻ. സ്നേഹ വൈവിധ്യങ്ങളുള്ള സ്ത്രീകഥാ പാത്രങ്ങൾ. തർക്കങ്ങളും മോഹങ്ങളും സംഘർഷങ്ങളും നിറഞ്ഞ സന്ദർഭങ്ങൾ. ആത്മീയ ചൈതന്യത്തിന്റെ പ്രതീകമായ സോസിമോ പാതിരി. പിതാവിന്റെ വധത്തെ തുടർന്ന് കുറ്റാരോപിതനായ ദിമിത്രി റഷ്യയിൽ നിന്ന് രക്ഷപ്പെടുന്ന തോടെയാണ് നോവൽ അവസാനിക്കുന്നത്.

മൂന്നാമതായി പ്രദർശിപ്പിച്ചത്, കാലാ തിവർത്തിയായി നിലകൊള്ളുന്ന ആദ്യ കാല നോവലുകളിൽ ഒന്നായ മിഗുവേൽ സെർവെൻറിസ് രചിച്ച നോവൽ, ഡോൺ ക്വിക്സോട്ട് (ഡോൺ കിഹോത്തെ എന്ന് സ്പാനിഷ് ഉച്ചാരണം) ആസ്പദമാക്കി നിർമ്മിക്കപ്പെട്ട സിനിമ ആയിരുന്നു.

ഹാംലറ്റിനെ അധികരിച്ച് ഭേദപ്പെട്ട സിനിമ നിർമ്മിച്ച റഷ്യൻ സംവിധായകൻ അലക്സി കൊസിൻറ്സേവ് ആണ് ഈ



ചിത്രവും സംവിധാനം ചെയ്തത്. വായനക്കാരിൽ ചിരി ഉണർത്തുന്ന വെറും കോമാളിയായി നായക കഥാപാത്രത്തെ അബ്രിഡ്ജ്ഡ് വേർഷനുകളിൽ ചിത്രീ കരിച്ചിട്ടുള്ള ഈ കൃതി മനുഷ്യ ഭാവന എത്ര ഉജ്ജ്വലമായ ഭാവമാണ് പതിനഞ്ചാം നൂറ്റാണ്ടിൽ കൈക്കൊണ്ടത് എന്ന് നോവൽ പൂർണ്ണരൂപത്തിൽ വായിച്ചിട്ടു ള്ളവർക്കറിയാം. വീര കഥാപാത്രങ്ങൾ ഉൾക്കൊള്ളുന്ന കൃതികൾ മാത്രം വായിച്ച് മതിഭ്രമം ഉൾക്കൊണ്ട് സമൂഹത്തിലെ നീതി നിഷേധങ്ങൾക്കെതി രെയുള്ള പോരാളി കൂടിയായി പഴയ വാളും ചേരാത്ത പടച്ചട്ടയും അണിഞ്ഞ് മെലിഞ്ഞ ശരീരമുള്ള ദീർഘോപാംഗ നായ ഡോൺ , കുതിരപ്പുറത്ത് ജൈത്ര യാത്ര ആരംഭിക്കുന്നു.

തങ്ങൾ പിടിച്ചടക്കുന്ന ഒരു പ്രവിശ്യ യുടെ അധിപനായി തന്നെ വാഴിക്കാ മെന്ന മോഹന വാഗ്ദാനത്തിൽ വീണ സഞ്ചോപ്പാൻസ എന്ന കുറിയ ശരീരമുള്ള ശുദ്ധഹൃദയനും അസമർത്ഥനുമായ നാട്ടുകാരൻ തന്റെ കഴുതപ്പുറത്ത് ഡോണിനെ അനുധാവനം ചെയ്യുന്നു.

ആദ്യത്തെ ചില്ലറ വിജയങ്ങൾക്ക് ശേഷം എല്ലാം തിരിച്ചടിയായി തീരുന്നു. മതി ഭ്രംശം പരിധി കടക്കുമ്പോൾ ആട്ടിൻപറ്റത്തെ ശത്രു സൈന്യമായും കാറ്റാടി യന്ത്രങ്ങളെ എതിരാളികളുമായി തെറ്റിദ്ധരിച്ച് പരാജ യവും പരിക്കും ഏറ്റുവാങ്ങുന്നു. വീര കഥകളിലെ നായകരെ പോലെ സുന്ദരിയായ ഒരു പ്രണയിനിയെയും അയാൾ സങ്കൽപ്പിച്ചെടുക്കുന്നു. അവസാനം ദുരന്ത നായകനായി മാറിയ ഡോൺ പരിക്കുപറ്റി വീട്ടിൽ തിരിച്ചെത്തുന്നു. അവിവാഹിതനായ അയാൾക്ക് താങ്ങ് സഹോദരിയും അവരുടെ മകളുമാണ്.

ഈ കഥ ഏതാണ്ട് ഉള്ളിൽ തട്ടും പടിയും കലാസുഭഗമായും ചിത്രീകരിച്ചെടുക്കാൻ സംവിധായകന് സാധിച്ചിട്ടുണ്ട്. ഏതാണ്ട് രോഗവിമുക്തനായി വീട്ടിൽ വിശ്രമിക്കുന്ന ഡോൺ തന്നെ കാണാൻ എത്തിയ സാഞ്ചോയോട് നമുക്ക് വീണ്ടും പോകേണ്ടേ? എന്ന് ചോദിക്കുന്ന രംഗം സമ്മിശ്ര വികാരങ്ങളോടെയല്ലാതെ കണ്ടിരിക്കാൻ ആവില്ല.






ഫിൽക്ക ഫിലിം സൊസൈറ്റി
25 വാർഷികം
കാഴ്ചയുടെ കൗതുകം,
കേരള വിജ്ഞാന ശേഖരം
കേരള വിഷ്വൽ എൻസൈക്ലോപീഡിയ
www.keralapedia.com
• കോർപ്പറേഷൻ മുനിസിപ്പാലിറ്റി മേഖലകളിലെ ഓരോ വാർഡിനെയും ഓരോ പഞ്ചായത്തിനെയും കുറിച്ചുള്ള ഡോക്യുമെന്ററി പരമ്പര പുനരാരംഭിക്കുന്നു.
• കൗൺസിലർമാരും പ്രമുഖരും വിവിധ വിഷയങ്ങൾ അവതരിപ്പിക്കുന്നു.
• ഡോക്യുമെന്ററി 30 മിനിറ്റ് ഓൺലൈനിൽ എപ്പോഴും എവിടെയും എന്നും
എം.എസ്.എം.ഇ. ഉദ്യം, ജി എസ് ടി, കോർപ്പറേറ്റ് രജിസ്റ്റേർഡ് സംരംഭം
കേരള വിഷ്വൽ എൻസൈക്ലോപീഡിയാ
ഭൂപ്രകൃതി, ചരിത്രം, ടൂറിസം, വിദ്യാഭ്യാസ-സാംസ്കാരിക സ്ഥാപനങ്ങൾ, ഗതാഗതം, വാണിജ്യം, ആരാധനാലയങ്ങൾ, ആരോഗ്യസേവനം, ചരിത്രപുരുഷന്മാർ, വാണിജ്യ വ്യവസായ സേവന സംരംഭങ്ങൾ, ശാസ്ത്ര സാങ്കേതിക രംഗങ്ങൾ, കരകൗശലം, കാർഷിക മേഖല, മത്സ്യബന്ധനം, ചരിത്ര സംഭവങ്ങൾ, സ്മാരകങ്ങൾ തുടങ്ങി ഒട്ടേറെ വിവരങ്ങൾ ഉൾക്കൊള്ളിക്കുന്നു.
KERALA PEDIA
FILCA FILM SOCIETY (Regd.)
(Affiliated to National Film Archive, Federation of Film Societies of India, Kerala Chalachitra Academy)
SOWPARNIKA PRODUCTIONS INDIA PVT. LTD.
(Associate Member of Kerala Film Chamber of Commerce, Ernakulam)
• സംരംഭങ്ങൾ, തൊഴിലവസരം എന്നിവ വികസിപ്പിക്കുന്നതിന് വാണിജ്യ - വ്യാപാര സ്ഥാപനങ്ങൾക്ക് ബിസിനസ് പ്രൊമോഷൻ കവറേജ്
• 5 വർഷം ഓൺലൈൻ വിഷ്വൽ എൻസൈക്ളോപീഡിയായിൽ സൗജന്യമായി ഉൾപ്പെടുത്തുന്നു
താൽപര്യമുള്ളവർ ബന്ധപ്പെടുക
80890 36090 (General Secretary)
96336 70050 (Co-ordinator)
98470 63190 (President)
95394 37067 (Treasurer)
filcakerala@gmail.com

# ആന്ദ്രേ താർകോവ്സ്കി

# സ്റ്റോക്കർ

## വിശ്വവിഖ്യാത ചലച്ചിത്ര ശിൽപത്തിന്റെ തിരക്കഥാ പുനരാവിഷ്കാരം മലയാളത്തിൽ !




ഓഡിറ്റോറിയത്തിൽ
സ്റ്റോക്കർ പുസ്തകം
(മുഖവില 200 രൂപ)
150 രൂപയ്ക്ക്
ലഭിക്കുന്നതാണ്.
GPay സൗകര്യം
ഉണ്ടായിരിക്കും

Vinod Kumar

Scan to pay with any UPI app

August Film Festival

# ഫിലിം വിഷൻ

Digital Magazine Published by Filca Film Society

World Literature and World Cinema FilmFestival Part-III




**Film Vision Monthly Ugust 2025.Rs 2/-RNI-KER/BIL/2002/8043**

**Membership**

| | | |
|---|---|---|
| Annual | : | 500/ |
| Students | : | 150/ |
| Life (10 Years) | : | 3000/ |

Payment to:
Name : FILCA
A/C 5700 118 1947
State Bank of India
Branch : Poojappura
IFSC SBIN 0070032

Reg No. T-1665/1999
www.filca.in
E-mail: filcakerala@gmail.com
Ph. 80890 36090



വിശ്വ ചലച്ചിത്രകാരൻ ആന്ദ്രേ താർക്കോവ്സ്കിയുടെ
സ്റ്റോക്കർ എന്ന സിനിമയുടെ ദൃശ്യ
സാഹിത്യാവിഷ്കാരം. ഇന്ത്യൻ ഭാഷയിൽ, ആദ്യമായി മലയാളത്തിൽ.
വില: ~~₹200~~ ₹150



13th EDITION
സത്യജിത് റായ് യുടെ
പഥേർ പാഞ്ചാലി
തിരക്കഥ ആവിഷ്കാരം: സാബു ശങ്കർ

മലയാളത്തിൽ ഏറ്റവും കൂടുതൽ
പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം

മുഖവില ₹ 290. അംഗങ്ങൾക്ക് ₹ 200

Buy Online from www.peerbey.com

PeerBey.com
Shop Online

CHIEF EDITOR* : Dr. B. RADHAKRISHNAN . ASSOCIATE EDITORS* : RAJAMBIKA.S.S.
DR. LALITHA GOURI , SUB EDITORS* : JYOTHISHKUMAR.P.S. ,
GIRIJA SURENDRAN. ,DESIGN*: SHAJI CAD ., CIRCULATION*: VINODKUMAR. P.
EDITOR AND PUBLISHER*: Dr. SABU SANKAR ,
GENERAL SECRETARY, FILCA FILM SOCIETY, PB 2224, TRIVANDRUM -695010.
Phone: 80890 36090. Email: filcakerala@gmail.com